12
2026
സെപ്റ്റംബർ
ശനി
ചിങ്ങം 27

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-7, Issue No. 176 Page 4, | Price: Rs. 2 | പുസ്തകം-7 ലക്കം-176 | പേജ് 4. വില 2.00 രൂപ

02 ഹിസ്ബുള്ളയുടെ തന്ത്രപ്രധാന താവളം തകർത്ത് ഇസ്രയേൽ

03 അഖിലേന്ത്യ ബാങ്ക് പണിമുടക്ക് സമ്പൂർണ്ണ വിജയം

04 ശബരിമല തീർഥാടനത്തിന് മുന്നൊരുക്കം വേഗത്തിലാക്കണം: മുഖ്യമന്ത്രി

# പവർ കട്ട് സമയം ഏകീകരിക്കും



തിരുവനന്തപുരം: സംസ്ഥാനത്ത് പവർകട്ട് സമയം ഏകീകരിക്കാൻ തീരുമാനം. ഒരാഴ്ച ഒരേസമയം പവർ കട്ട് ഏർപ്പെടുത്താനാണ് തീരുമാനിച്ചിരിക്കുന്നത്. പവർ കട്ടിന് ഒന്നരമണിക്കൂർ മുമ്പ് ഉപഭോക്താക്കളെ നേരത്തെ അറിയിക്കുന്ന സംവിധാനം ഇന്നുമുതൽ പ്രാബല്യത്തിൽ ആക്കും.

പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരത്ത് ഈ സംവിധാനം കഴിഞ്ഞ ദിവസം ഏർപ്പെടുത്തിയിരുന്നു. ബുധനാഴ്ച 700 മെഗാവാട്ടിൻറെ കുറവാണ് സംസ്ഥാനത്ത് നേരിട്ടതെന്ന് കെഎസ്ഇബി അധികൃതർ അറിയിച്ചു.

വൈദ്യുതി നിയന്ത്രണങ്ങൾ ഇനി മുൻകൂട്ടി അറിയാം. വൈദ്യുതി നിയന്ത്രണത്തിനുള്ള സമയം കൂട്ടി കെഎസ്ഇബി. ഇന്ന് വൈകിട്ട് 6.15 മുതൽ രാത്രി 12.45 വരെ വൈദ്യുതി നിയന്ത്രണം ആവശ്യമായി വന്നേക്കാമെന്ന് കെഎസ്ഇബി അറിയിച്ചു. ഇന്നലെ 6.45 മുതലായിരുന്നു നിയന്ത്രണം ഏർപ്പെടുത്തിയത്. മുൻ ദിവസങ്ങളെ അപേക്ഷിച്ച് ഏകദേശം 900 മുതൽ 1000 മെഗാവാട്ടിന്റെ വൈദ്യുതി ലഭ്യതക്കുറവ് അനുഭവപ്പെടാൻ സാധ്യതയുണ്ടെന്നു കെഎസ്ഇബി പറയുന്നു.

ഏതു സമയത്താണ് നിയന്ത്രണം എന്ന സന്ദേശം മൊബൈലിൽ ഉപയോക്താക്കൾക്ക് ലഭിച്ചു തുടങ്ങി. സന്ദേശം ലഭിക്കാത്തവർ w-ss.kseb.in എന്ന വെബ്സൈറ്റിൽ ബിൽ വിവരങ്ങൾ അപ്‌ലോഡ് ചെയ്യണം.

വൈദ്യുതി മുടങ്ങുന്നതിന് ഒന്നര മണിക്കൂർ മുൻപ് വരെ ഉപഭോക്താക്കൾക്ക് ഇതുസംബന്ധിച്ച മുന്നറിയിപ്പ് ലഭിക്കുമെന്നതാണ് ഈ സംവിധാനത്തിൻറെ പ്രധാന സവിശേഷത.

പുതിയ ആപ്പിനെ ഔട്ടേജ് മാനേജ്മെൻറ് സിസ്റ്റവുമായി ബന്ധിപ്പിച്ചാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചിരിക്കുന്നത്.

ഈ ഔട്ടേജ് മാനേജ്മെൻറ് സിസ്റ്റത്തിൽ നിന്നുള്ള സന്ദേശങ്ങളാണ് നേരിട്ട് ഉപഭോക്താക്കളുടെ മൊബൈൽ ഫോണുകളിലേക്ക് എത്തുക.



മാർ ബസേലിയോസ് കോളേജ് ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജി രജതജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം കേരള ഗവർണർ ശ്രീ. രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ നിർവ്വഹിക്കുന്നു

## മാർ ബസേലിയോസ് കോളേജ് ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജി രജതജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം

തിരുവനന്തപുരം: തിരുവനന്തപുരം മാർ ബസേലിയോസ് കോളേജ് ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജിയുടെ (MBCET) രജതജൂബിലി ആഘോഷങ്ങൾ പ്രൗഢഗംഭീരമായ സദസ്സിനെ സാക്ഷിനിർത്തി ഭദ്രദീപം തെളിച്ച് കേരള ഗവർണർ ശ്രീ. രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം നിർവ്വഹിച്ചു.

കോളേജ് രക്ഷാധികാരിയും, മാനേജരും മലങ്കര കത്തോലിക്കാ സഭയുടെ അധ്യക്ഷനുമായ അത്യഅഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. സംസ്ഥാന ആരോഗ്യ, കുടുംബക്ഷേമ, ദേവസ്വം വകുപ്പ് മന്ത്രി ശ്രീ. കെ. മുരളീധരൻ മുഖ്യപ്രഭാഷണവും, കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർപേഴ്സൺ ഡോ. അച്യുത്ശങ്കർ എസ്. നായർ ആശംസാ പ്രസംഗവും നടത്തി.

കോളേജ് ഡയറക്ടർ റവ. ഫാ. ജോൺ വർഗീസിൻറെ സ്വാഗതത്തോടെ ആരംഭിച്ച ചടങ്ങിൽ പ്രിൻസിപ്പാൾ ഡോ. എസ്. വിശ്വനാഥ റാവു അവതരണ പ്രഭാഷണവും ബർസാർ റവ. ഡോ. കോശി ഐസക് പുന്നമൂട്ടിൽ നന്ദിയും അർപ്പിച്ചു. ഈ ഉദ്ഘാടന ചടങ്ങോടെ, രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി കോളേജ് മാനേജ്മെൻറും സ്റ്റാഫും വിദ്യാർത്ഥികളും ചേർന്ന് ആസൂത്രണം ചെയ്തിരിക്കുന്ന ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന വിവിധ ശാസ്ത്രസാങ്കേതിക, സാമൂഹിക, സാംസ്കാരിക പരിപാടികൾക്ക് തുടക്കമായി.

# അസോസിയേഷനുകൾ രംഗത്തിറങ്ങണം: പി. സ്റ്റെല്ലസ്



തിരുവനന്തപുരം: കേരളത്തിൽ വർധിച്ചുവരുന്ന ലഹരി ഉപയോഗത്തിനും ലഹരി മാഫിയയുടെ പ്രവർത്തനങ്ങൾക്കുമെതിരെ ലഹരി വേണ്ടേ വേണ്ട, മദ്യം വേണ്ടേ വേണ്ട പ്രതിജ്ഞ ചൊല്ലിക്കൊണ്ടാണ്. സംസ്ഥാനത്തെ മുഴുവൻ റസിഡൻസ് അസോസിയേഷനുകളും ഒറ്റക്കെട്ടായി രംഗത്തിറങ്ങണമെന്ന് മുട്ടത്തറ പ്രത്യാശ റസിഡൻസ് അസോസിയേഷന്റെ ഒന്നാം വാർഷികം സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ (ടങഠഎ) സംസ്ഥാന പ്രസിഡന്റ് പി. സ്റ്റെല്ലസ് സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു.

ലഹരി മാഫിയകളുടെ പ്രവർത്തനം യുവതലമുറയെയും വിദ്യാർത്ഥികളെയും കുടുംബങ്ങളെയും ഗുരുതരമായി ബാധിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്.

ലഹരിക്കെതിരായ പോരാട്ടം സർക്കാർ സംവിധാനങ്ങളുടെയും പോലീസിന്റെയും മാത്രം ഉത്തരവാദിത്തമായി കാണാതെ ഓരോ പ്രദേശത്തെയും ജനങ്ങളുടെ കൂട്ടായ ഉത്തരവാദിത്തമായി ഏറ്റെടുക്കണം.

റസിഡൻസ് അസോസിയേഷനുകൾക്ക് തങ്ങളുടെ പ്രദേശത്തെ ജനങ്ങളെ ഏകോപിപ്പിച്ച് ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്താനും, വിദ്യാർത്ഥികളെയും യുവാക്കളെയും ലഹരിയിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള സാമൂഹിക ഇടപെടലുകൾ നടത്താനും കഴിയും. സംശയാസ്പദമായ ലഹരി ഇടപാടുകൾ ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ മാർഗങ്ങളിലൂടെ ബന്ധപ്പെട്ട അധികാരികളെ അറിയിക്കാനും ജനങ്ങൾ തയ്യാറാകണം.

ലഹരി വ്യാപനത്തിനെതിരെ പോലീസ്, എക്സൈസ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ, വിവിധ സാമൂഹിക സംഘടനകൾ എന്നിവയുടെ ഏകോപിത പ്രവർത്തനം അനിവാര്യമാണ്. ഓരോ വാർഡിലും ലഹരി വിരുദ്ധ ജനകീയ കൂട്ടായ്മകൾ രൂപീകരിച്ച് പ്രവർത്തനം ശക്തമാക്കണമെന്നും പി. സ്റ്റെല്ലസ് പറഞ്ഞു.

കുട്ടികളെയും യുവാക്കളെയും ലഹരി മാഫിയയുടെ പിടിയിൽ നിന്ന് രക്ഷിക്കണമെങ്കിൽ വീടുകളിൽ നിന്ന് തന്നെ ജാഗ്രത ആരംഭിക്കണം. 'ലഹരിയില്ലാത്ത കേരളം' എന്ന ലക്ഷ്യത്തിനായി ഓരോ റസിഡൻസ് അസോസിയേഷനും ഒരു സാമൂഹിക ദൗത്യം ഏറ്റെടുക്കണം. ലഹരി മാഫിയകളെ കേരളത്തിൽ നിന്ന് തുടച്ചുനീക്കുന്നതിനുള്ള ജനകീയ മുന്നേറ്റമായി ഇത് മാറണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അസോസിയേഷൻ പ്രസിഡൻറ് മേരി ജോസഫ് അധ്യക്ഷത വഹിച്ച യോഗത്തിൽ, ബി എസ് എഫ് കമാൻഡിങ് ഓഫീസർ സുരേന്ദ്രൻ റവറൻ:ഫാദർ അലോഷ്യസ്, വലിയതുറ സബ് ഇൻസ്പെക്ടർ സുധീഷ് എസ് എൽ, അബ്ദുൽ റഹ്മാൻ, ഷാബു, മേട്ടിൽ, ജസ്റ്റിൻ, സ്മിത അംഗങ്ങൾ ആശംസകൾ അർപ്പിച്ചു സംസാരിച്ചു

## എച്ച്–വൺ ബി വിസ; ഗ്രേസ് പിരീഡ് അവസാനിപ്പിക്കാൻ ട്രംപ് ഭരണകൂടം, ഇന്ത്യൻ ഐടി പ്രഫഷണലുകൾക്ക് തിരിച്ചടി

വാഷിംഗ്ടൺ ഡിസി: അമേരിക്കയിൽ എച്ച്-വൺ ബി വിസയുള്ള ജീവനക്കാർക്ക് ജോലി നഷ്ടപ്പെട്ടാൽ പുതിയ തൊഴിൽ കണ്ടെത്താൻ അനുവദിച്ചിരുന്ന 60 ദിവസത്തെ ഗ്രേസ് പിരീഡ് അവസാനിപ്പിക്കാൻ ട്രംപ് ഭരണകൂടം നീക്കം ആരംഭിച്ചു. പുതിയ നിയമം പ്രാബല്യത്തിൽ വരുന്നതോടെ, താത്കാലിക തൊഴിൽ വിസയിലുള്ളവർക്ക് ജോലി നഷ്ടപ്പെട്ടാൽ ഉടൻ തന്നെ രാജ്യം വിടേണ്ടിവരും. ഇന്ത്യക്കാരായ ഐടി പ്രഫഷണലുകളെയാണ് ഈ തീരുമാനം ഏറ്റവും പ്രതികൂലമായി ബാധിക്കുക. എച്ച്-വൺ ബി വിസകളുടെ അപേക്ഷാ ഫീസ് കുത്തനെ വർധിപ്പിച്ച നടപടിക്ക് പിന്നാലെയാണ് ഭരണകൂടത്തിൻറെ ഈ പുതിയ നീക്കം. വിദേശ തൊഴിലാളികളെ വൻതോതിൽ ആശ്രയിക്കുന്ന പ്രമുഖ അമേരിക്കൻ ഐടി കമ്പനികൾക്ക് ഈ തീരുമാനം വലിയ തിരിച്ചടിയാകും. വിദേശ ജീവനക്കാരുടെ ഒഴിവുകളിലേക്ക് അമേരിക്കക്കാർക്ക് തന്നെ കൂടുതൽ തൊഴിലവസരങ്ങൾ നൽകുകയാണ് ഈ നടപടിയിലൂടെ ലക്ഷ്യമിടുന്നത്.

## നെക്സ്റ്റ്ക്വാണ്ടം ഒഎസ് 1.1 പുറത്തിറക്കി

തിരുവനന്തപുരം: എഐ+ സ്മാർട്ട്ഫോൺ പുതിയ നെക്സ്റ്റ്ക്വാണ്ടം ഒഎസ് 1.1 പുറത്തിറക്കി. സ്വകാര്യതയും സുരക്ഷയും ശക്തമാക്കുന്നതിനൊപ്പം, ആപ്ലിക്കേഷനുകൾ ഉപകരണവും വിവരങ്ങളും എങ്ങനെ ഉപയോഗിക്കുന്നുവെന്ന് മനസ്സിലാക്കാനും നിയന്ത്രിക്കാനും ഉപയോക്താക്കളെ സഹായിക്കുന്നതാണ് പുതിയ പതിപ്പ്. പ്രധാന വിവര അടിസ്ഥാനസൗകര്യവും സോഴ്സ് കോഡും ഇന്ത്യയിൽ വികസിപ്പിച്ചതാണെന്നും കമ്പനി അറിയിച്ചു.

# ചെന്നൈയിലെ യുഎസ് കോൺസൽ ജനറൽ ടെക്നോപാർക്ക് സന്ദർശിച്ചു

### സംസ്ഥാന ഐടി സ്പെഷ്യൽ സെക്രട്ടറിയുമായി കൂടിക്കാഴ്ച നടത്തി

തിരുവനന്തപുരം: കേരളത്തിൻറെ ഊർജ്ജസ്വലമായ ഐടി ആവാസവ്യവസ്ഥയെയും ടെക്നോപാർക്കിൻറെ ലോകോത്തര അടിസ്ഥാന സൗകര്യങ്ങളെയും കുറിച്ച് മനസ്സിലാക്കുന്നതിനായി യു.എസ് കോൺസൽ ജനറൽ മരിയാന എൽ നെയ്സുലെറുടെ നേതൃത്വത്തിൽ ചെന്നൈയിലെ യുഎസ് കോൺസുലേറ്റിൽ നിന്നുള്ള സംഘം ടെക്നോപാർക്ക് സന്ദർശിച്ചു.

സംസ്ഥാന ഇലക്ട്രോണിക്സ് ഐടി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സീറാം സാംബശിവ റാവു, ടെക്നോപാർക്ക് സിഇഒ സന്ദീപ് കുമാർ, കേരള സ്റ്റാർട്ടപ്പ് മിഷൻ (കെഎസ്‌യുഎം) സിഇഒ അനൂപ് അംബിക എന്നിവരുടെ സാന്നിധ്യത്തിൽ യു.എസ് കോൺസൽ ജനറലുമായി കൂടിക്കാഴ്ച നടത്തി.

കേരളത്തിലേക്കുള്ള തൻറെ ആദ്യ സന്ദർശനമാണിതെന്ന് പറഞ്ഞ യുഎസ് കോൺസൽ ജനറൽ ലോജിസ്റ്റിക്സ്, സമുദ്രമേഖല, നാവിഗേഷൻ, ഊർജ്ജം, ഐടി എന്നീ മേഖലകളിലെ സംസ്ഥാനത്തിൻറെ പ്രവർത്തനത്തെ അഭിനന്ദിച്ചു.

യുഎസ് കമ്പനികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി ഈ മേഖലകളിലെ പങ്കാളികൾ അവരുടെ ആശയങ്ങൾക്ക് കൃത്യമായ രൂപം നൽകണമെന്ന് അവർ നിർദ്ദേശിച്ചു.






# 'തമ്പീ വിജയ്, ചരിത്രം മാറ്റാൻ കഴിയില്ല, പഠിക്കണം': ആഞ്ഞ ടിച്ച് സ്റ്റാലിൻ

ചെന്നൈ: തമിഴ്നാട് മുഖ്യമന്ത്രി സി. ജോസഫ് വിജയ്ക്കെതിരെ ആഞ്ഞടിച്ച് മുൻ മുഖ്യമന്ത്രിയും ഡിഎംകെ അധ്യക്ഷനുമായ എം.കെ. സ്റ്റാലിൻ. അടിയന്തരാവസ്ഥക്കാലത്ത് മിസ നിയമപ്രകാരം ഡിഎംകെ നേതാക്കളെ അറസ്റ്റ് ചെയ്ത് തടങ്കലിലാക്കിയെന്നത് വ്യാജമാണെന്ന മുഖ്യമന്ത്രിയുടെ നിയമസഭാ പരാമർശത്തിനെതിരെയാണ് സ്റ്റാലിൻ രംഗത്തെത്തിയത്.

തമ്പീ വിജയ്, ചരിത്രം മാറ്റാൻ കഴിയില്ല. സംശയമുണ്ടെങ്കിൽ നിയമസഭയിലെ ലൈബ്രറിയിൽ പോയി പരിശോധിക്കണമെന്നും സ്റ്റാലിൻ പറഞ്ഞു. അടിയന്തരാവസ്ഥക്കാലത്ത് മിസ നിയമത്തെ എതിർത്തതിനെ തുടർന്ന് ഡിഎംകെ സർക്കാർ പിരിച്ചുവിട്ടെന്നും പിന്നാലെ തന്നെ അറസ്റ്റ് ചെയ്യാൻ പൊലിസ് ഗോപാലപുരത്തെ വീട്ടിലെത്തിയെന്നും സ്റ്റാലിൻ പറഞ്ഞു.

അന്ന് വീട്ടിലില്ലാതിരുന്നതിനാൽ പിറ്റേന്ന് താൻ അറസ്റ്റിലായി. ജയിലിൽ കൊടിയ പീഡനങ്ങൾക്ക് ഇരയായെന്നും അദ്ദേഹം വ്യക്തമാക്കി. ജയിലിൽ മർദനമേറ്റ് ഡിഎംകെ എംപി സി. ചിട്ടിബാബു മരിച്ചതായും സ്റ്റാലിൻ പറഞ്ഞു. മർദനത്തിൽ തൻറെ താടിയെല്ല് പൊട്ടിയെന്നും പീഡനത്തിൻറെ മുറിപ്പാടുകൾ ഇന്നും ശരീരത്തിലുണ്ട്. എന്തു പറഞ്ഞാലും ചരിത്രം മാറ്റാൻ കഴിയില്ലെന്നും സ്റ്റാലിൻ കൂട്ടിച്ചേർത്തു.

നിയമസഭയുടെ പാരമ്പര്യവും മര്യാദയും മുഖ്യമന്ത്രി പാലിക്കണം. ജനങ്ങളുടെ കാര്യങ്ങളാണ് നിയമസഭയിൽ സംസാരിക്കേണ്ടത്. ആവശ്യമില്ലാത്ത കാര്യങ്ങൾ പറയേണ്ടതില്ല. മുഖ്യമന്ത്രി ശ്രദ്ധയോടെ സംസാരിക്കണം. നിയമസഭയെ റീലെടുക്കുന്ന സ്ഥലമാക്കുന്നതും പാലത്തിൽ വന്ന് ഫോട്ടോയെടുക്കുന്നതും നിർത്തണമെന്നും സ്റ്റാലിൻ ആവശ്യപ്പെട്ടു.

# കെസിഎ പിങ്ക് വനിതാ ട്വന്റി 20 ചാമ്പ്യൻഷിപ്പ്: പേൾസിനെ തോൽപിച്ച് എമറാൾഡ് ഫൈനലിൽ



തിരുവനന്തപുരം: അവസാന ലീഗ് മത്സരത്തിൽ പേൾസിനെ 63 റൺസിന് തകർത്ത് എമറാൾഡ്, കെസിഎ പിങ്ക് വനിതാ ട്വന്റി 20 ചലഞ്ചേഴ്സ് ചാമ്പ്യൻഷിപ്പിന്റെ ഫൈനലിൽ കടന്നു. ശനിയാഴ്ച നടക്കുന്ന ഫൈനലിൽ സഫയറാണ് എമറാൾഡിന്റെ എതിരാളി. മറ്റൊരു മത്സരത്തിൽ ആംബർ സഫയറിനെ 30 റൺസിന് തോൽപിച്ചു. 20 പോയിന്റുള്ള സഫയർ നേരത്തെ തന്നെ ഫൈനൽ ഉറപ്പിച്ചിരുന്നു.

പേൾസിനെതിരെ ആദ്യം ബാറ്റ് ചെയ്ത എമറാൾഡ് 20 ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 146 റൺസെടുത്തു. 28 പന്തുകളിൽ 47 റൺസുമായി പുറത്താകാതെ നിന്ന ദൃശ്യ വാസുദേവന്റെ ഇന്നിങ്സാണ് എമറാൾഡിനെ മികച്ച സ്കോറിലെത്തിച്ചത്. ബി സൗപർണ്ണിക 22 റൺസെടുത്തു. പേൾസിനു വേണ്ടി രോഹിണി മാനെ, അഷിമ ആന്റണി എന്നിവർ രണ്ട് വിക്കറ്റ് വീതം വീഴ്ത്തി. മറുപടി ബാറ്റിങ്ങിനിറങ്ങിയ പേൾസിന് 20 ഓവറിൽ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 83 റൺസ് മാത്രമാണ് നേടാനായത്. 32 റൺസെടുത്ത ശ്രേയ പി. സിജു മാത്രമാണ് പേൾസ് നിരയിൽ തിളങ്ങിയത്. എമറാൾഡിനു വേണ്ടി ശ്രേയ റോയ് നാല് ഓവറിൽ 14 റൺസ് മാത്രം വഴങ്ങി നാല് വിക്കറ്റ് വീഴ്ത്തി. ദൃശ്യ വാസുദേവനാണ് പ്ലെയർ ഓഫ് ദി മാച്ച്.

മറ്റൊരു മത്സരത്തിൽ ക്യാപ്റ്റൻ ടി. ഷാനിയുടെ ഓൾറൗണ്ട് മികവാണ് സഫയറിനെതിരെ ആംബറിന് വിജയമൊരുക്കിയത്. ആദ്യം ബാറ്റ് ചെയ്ത ആംബർ 20 ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 143 റൺസെടുത്തു. ഷാനിയും പി. സൗരഭ്യയും ചേർന്നുള്ള 86 റൺസിന്റെ കൂട്ടുകെട്ടാണ് ആംബറിന്റെ ഇന്നിങ്സിന് കരുത്തുപകർന്നത്. ഷാനി പുറത്താകാതെ 59-ഉം സൗരഭ്യ 45-ഉം റൺസെടുത്തു. സഫയറിനു വേണ്ടി എം. ഐശ്വര്യ രണ്ട് വിക്കറ്റ് വീഴ്ത്തി. മറുപടി ബാറ്റിങ്ങിനിറങ്ങിയ സഫയർ 18.5 ഓവറിൽ 113 റൺസിന് ഓൾഔട്ടായി. 51 റൺസെടുത്ത അൻസു സുനിലും 22 റൺസെടുത്ത മാളവിക സാബുവും മാത്രമാണ് സഫയർ ബാറ്റിങ് നിരയിൽ ഭേദപ്പെട്ട പ്രകടനം കാഴ്ചവെച്ചത്. നാല് വിക്കറ്റ് വീഴ്ത്തിയ ടി. ഷാനിയാണ് സഫയർ ബാറ്റിങ് നിരയെ തകർത്തത്. സായൂജ്യ രണ്ട് വിക്കറ്റ് വീഴ്ത്തി. ടി. ഷാനിയാണ് പ്ലെയർ ഓഫ് ദി മാച്ച്.

# പൈലറ്റിന് ശാരീരിക അസ്വസ്ഥത; വാരണാസിയിൽ നിന്ന് മുംബൈയിലേക്കുള്ള ഇൻഡിഗോ വിമാനം മൂന്നര മണിക്കൂർ വൈകി

വാരണാസി: വാരണാസിയിൽ നിന്ന് മുംബൈയിലേക്ക് പുറപ്പെടേണ്ട ഇൻഡിഗോ വിമാനം പൈലറ്റിന് അസുഖം ബാധിച്ചതിനെ തുടർന്ന് മൂന്നര മണിക്കൂർ വൈകി. വാരാണസിയിലെ ലാൽ ബഹാദൂർ ശാസ്ത്രി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് മുംബൈയിലേക്ക് പോകേണ്ട 6ഇ-6544 വിമാനമാണ് വൈകിയത്.

വ്യാഴാഴ്ച സർവീസ് നടത്തേണ്ടിയിരുന്ന പൈലറ്റ് അസുഖബാധിതനായി അവധിക്ക് അപേക്ഷിക്കുകയായിരുന്നു. വാരാണസി എയർപോർട്ട് ഇൻഡിഗോയുടെ ബേസ് സ്റ്റേഷൻ അല്ലാത്തതിനാൽ, പകരക്കാരനായ പൈലറ്റിനെ അഹമ്മദാബാദിൽ നിന്നാണ് വരുത്തിയത്. യാത്രക്കാരെ വിവരങ്ങൾ ബോധ്യപ്പെടുത്തുകയും ലഘുഭക്ഷണങ്ങൾ നൽകുകയും ചെയ്തിരുന്നുവെന്ന് അധികൃതർ വ്യക്തമാക്കി.

സാങ്കേതിക കാരണങ്ങളാലാണ് വിമാനം വൈകിയതെന്നായിരുന്നു എയർപോർട്ട് ഡയറക്ടർ പുനീത് ഗുപ്തയുടെ പ്രതികരണം. വിമാനത്താവളത്തിൽ യാത്രക്കാർ ബഹളം ഉണ്ടാക്കിയെന്ന റിപ്പോർട്ടുകളും അദ്ദേഹം നിഷേധിച്ചു. തുടർന്ന് അഹമ്മദാബാദിൽ നിന്നെത്തിയ പുതിയ പൈലറ്റിൻറെ നേതൃത്വത്തിൽ വിമാനം സുരക്ഷിതമായി മുംബൈയിലേക്ക് പുറപ്പെട്ടു.

## ഉപഭോക്തൃ കമ്മിഷൻ തസ്തികകളിൽ നാലാഴ്ചയ്ക്കകം തീരുമാനം; സർക്കാർ ഹൈക്കോടതിയിൽ

കൊച്ചി: സംസ്ഥാനത്തെ ഉപഭോക്തൃ തർക്കപരിഹാര കമ്മിഷനുകളിൽ 229 പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യത്തിലെ തീരുമാനം നാലാഴ്ചയ്ക്കകമുണ്ടാകുമെന്ന് സർക്കാർ ഹൈക്കോടതിയിൽ. ഉപഭോക്തൃ കമ്മിഷനുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിൻറെ ഭാഗമായി മതിയായ ജീവനക്കാരെ നിയമിക്കുന്നതടക്കം നടപടിക്കു നിർദേശിക്കണമെന്നാവശ്യപ്പെട്ട് അഡ്വ. ജെ. സൂര്യ നൽകിയ ഹർജിയിലാണ് സർക്കാരിൻറെ വിശദീകരണം.

വിഷയം ധനവകുപ്പിൻറെ അനുമതിക്കായി വിട്ടിരിക്കുകയാണെന്നും സർക്കാർ വ്യക്തമാക്കി.

## അഭിമുഖം

കേരള വന ഗവേഷണ സ്ഥാപനത്തിൽ ഒരു വർഷം കാലാവധിയുള്ള ഗവേഷണ പദ്ധതിയിലേക്ക് പ്രോജക്ട് ഫെല്ലോ/ സപ്പോർട്ടിങ് സ്റ്റാഫിന്റെ താത്കാലിക നിയമനത്തിന് സെപ്റ്റംബർ 15 രാവിലെ 10ന് തൃശൂർ പീച്ചിയിലുള്ള ഓഫീസിൽ അഭിമുഖം നടക്കും. വിവരങ്ങൾക്ക്: www.kfri.res.in

# ഗോളാറാട്ട്... ബാഴ്സലോണ 5–1നു റോട്ടർഡാമിനെ തകർത്തു

ബാഴ്സലോണ/പാരീസ്: യുവേഫ ചാമ്പ്യൻസ് ലീഗ് ഫുട്ബോളിൽ നിലവിലെ ചാമ്പ്യന്മാരായ പിഎസ്ജി മുൻചാമ്പ്യന്മാരായ എഫ്സി ബാഴ്സലോണ ടീമുകളുടെ ഗോളാറാട്ട്. ഹോംഗ്രൗണ്ടായ കാമ്പ് നൗവിൽ ഇറങ്ങിയ എഫ്സി ബാഴ്സലോണ 5-1നു ഡച്ച് ക്ലബ്ബായ ഫെയ്നൂർഡ് റോട്ടർഡാമിനെ തകർത്തു.

ക്യാപ്റ്റൻ റാഫീഞ്ഞ (3, 57 മിനിറ്റ്) ഇരട്ടഗോൾ സ്വന്തമാക്കി. കരിം അഡെയാമി (22ാം മിനിറ്റ്), ലാമിൻ യമാൽ (77ാം മിനിറ്റ്), ഗബ്രിയേൽ ജെസ്യൂസ് (85ാം മിനിറ്റ്) എന്നിവരായിരുന്നു ബാഴ്സയുടെ ഗോൾനേട്ടക്കാർ.

ഫിഫ ലോകകപ്പ് ഫൈനലിൽ സ്പെയിനിനെ കിരീടത്തിലെത്തിച്ച ഗോൾ സ്വന്തമാക്കിയ ഫെറാൻ ടോറസ് ഹാട്രിക്ക് കുറിച്ച പോരാട്ടത്തിൽ പിഎസ്ജി 6-1ന് സ്ലോവാക്യയിൽനിന്നുള്ള സ്ലോവൻ ബ്രാറ്റിസ്ലാവയെ നിലംപരിശാക്കി. 31, 47, 57 മിനിറ്റുകളിൽ ഫെറാൻ ടോറസ് ഗോൾ നേടി. ഉസ്മാൻ ഡെംബെലെ (17, 23 മിനിറ്റ്) ഇരട്ടഗോൾ സ്വന്തമാക്കിയപ്പോൾ ഒരു ഗോൾ ഫാബിയൻ റൂയിസിൻറെ (87ാം മിനിറ്റ്) വകയായിരുന്നു. ഇംഗ്ലീഷ് ക്ലബ്ബുകളായ ആഴ്സണൽ എഫ്സിയും ലിവർപൂൾ എഫ്സിയും ജയം സ്വന്തമാക്കി. ആഴ്സണൽ 1-0ന് ഇറ്റാലിയൻ ക്ലബ്ബായ നാപ്പൊളിയെ തോൽപ്പിച്ചു. ലിവർപൂൾ എഫ്സി 2-1ന് സ്പാനിഷ് സംഘമായ അത്ലറ്റിക്കോ മാഡ്രിഡിനെ കീഴടക്കി. പോർച്ചുഗൽ ക്ലബ് സ്പോർട്ടിംഗ് സിപി, ജർമൻ ക്ലബ് സ്റ്റട്ട്ഗഡ് എന്നിവയും ജയം നേടി.

# ബ്രിക്സ് ഉച്ചകോടി; ഡൽഹിയിൽ കർശന വ്യോമ നിയന്ത്രണം

ന്യൂഡൽഹി: ബ്രിക്സ് ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ ഡൽഹിയിലും സമീപപ്രദേശങ്ങളിലും കർശന വ്യോമ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. ഇന്നു മുതൽ 13 വരെ രാവിലെ ഏഴു മുതൽ രാത്രി 11 വരെ ഷെഡ്യൂൾ ചെയ്യാത്ത വിമാന സർവീസുകൾക്കാണ് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത്.

ഡൽഹിയുടെ 300 കിലോമീറ്റർ ചുറ്റളവിലുള്ള വിമാനത്താവളങ്ങളിലും നിയന്ത്രണം ബാധകമായിരിക്കും. കൃത്യമായ സമയക്രമം പാലിച്ച് സർവീസ് നടത്തുന്ന സാധാരണ വിമാനങ്ങളെ നിയന്ത്രണത്തിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. വിദേശ പ്രതിനിധികളുമായി എത്തുന്ന പ്രത്യേക വിമാനങ്ങൾക്ക് ആഭ്യന്തര മന്ത്രാലയത്തിൻറെ മുൻകൂർ അനുമതിയോടെ സർവീസ് നടത്താം.

ഗവർണർമാർ, മുഖ്യമന്ത്രിമാർ തുടങ്ങിയവരുമായി യാത്ര ചെയ്യുന്ന സംസ്ഥാന സർക്കാർ വിമാനങ്ങൾക്കും ഹെലികോപ്റ്ററുകൾക്കും ഇളവുണ്ട്.

അടിയന്തര സാഹചര്യങ്ങളിലെ വിഐപി ഡ്യൂട്ടികൾ ഒഴികെ സഫ്ദർജംഗ് വിമാനത്താവളം പൂർണമായും അടച്ചിടും. ഉച്ചകോടിയിൽ പങ്കെടുക്കാൻ പന്ത്രണ്ടോളം രാഷ്ട്രത്തലവന്മാരും വിദേശ പ്രതിനിധികളും ശനിയാഴ്ച എത്തും.

## ഐഐഐസിയിൽ എക്സ്കവേറ്റർ ഓപ്പറേറ്റർ പരിശീലനം

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷന്റെ (ഐഐഐസി) നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന സൗജന്യ എക്സ്കവേറ്റർ ഓപ്പറേറ്റർ പരിശീലനത്തിന് അപേക്ഷിക്കാം. തിരഞ്ഞെടുക്കപ്പെടുന്ന ഇരുപത്തി അഞ്ചു പേർക്കാണ് പ്രവേശനം. ആൺ കുട്ടികൾക്കും പെൺകുട്ടികൾക്കും അപേക്ഷിക്കാം. 70 ദിവസമാണ് പരിശീലനം. സെപ്റ്റംബർ 20 നകം https://forms.gle/da6v567JdnAvVVKq5 ലിങ്കിൽ അപേക്ഷിക്കണം. വിവരങ്ങൾക്ക്: 8078980000,

# ഇഡിയെ പേടിയില്ല, മൊഴി എന്നപേരിൽ പച്ചക്കള്ളം പ്രചരിപ്പിക്കുന്നു; ആഞ്ഞടിച്ച് റിയാസ്

കോഴിക്കോട്: മാസപ്പടി കേസിൽ സംസ്ഥാന സർക്കാരിനോടു കേസെടുക്കാൻ നിർദേശിച്ച ഇഡി നീക്കത്തിനെതിരേ ആഞ്ഞടിച്ച് സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം പി.എ. മുഹമ്മദ് റിയാസ് എംഎൽഎ. മാധ്യമങ്ങൾക്കും കോൺഗ്രസുകാർക്കും ഇഡിയെ ഭയമുണ്ടാകാം. എന്നാൽ, കമ്മ്യൂണിസ്റ്റുകാർക്ക് അതില്ലെന്നും ശക്തമായി അവസാന ശ്വാസംവരെ പ്രതിരോധിക്കുമെന്നും റിയാസ് പറഞ്ഞു.

'മൊഴി എന്ന പേരിൽ പുറത്തുവന്നതെല്ലാം പച്ചക്കള്ളമാണ്. ആരോപണം ഉയർന്ന കമ്പനിക്കു സേവനം നൽകിയിട്ടില്ലെന്നു വീണ പറഞ്ഞതായാണു പുറത്തുവരുന്ന വാർത്ത. വീണ എൻറെ ഭാര്യയാണ്. വീണ അങ്ങനെ ഒരു മൊഴി നൽകിയിട്ടില്ല. വ്യക്തിഹത്യ നടത്തുക എന്നതിൽ കവിഞ്ഞ് മറ്റൊന്നുമില്ല. ഏത് കള്ള മൊഴി ആരെ പേടിപ്പിച്ചെടുത്താലും സത്യം മാത്രമേ ജയിക്കുകയുള്ളൂ'- അദ്ദേഹം വാർത്താസമ്മേളനത്തിൽ പറഞ്ഞു.

'വീണയുടെ അക്കൗണ്ടിൽ പണം വന്നത് സേവനം ചെയ്തതിൻറെ ഭാഗമായിട്ടാണ്. സേവനം നൽകിയിട്ടില്ലെന്നു പറയുന്നത് തെറ്റാണ്. മാസപ്പടി വാങ്ങിയെന്നു ചിത്രീകരിക്കാൻ ബോധപൂർവമായ ശ്രമമാണു നടക്കുന്നത്. ദുബായിൽ പലപ്പോഴായും വീണയും ഞാനും പോയിട്ടുണ്ട്. കേരളത്തിൽ ഒരുപാട് രാഷ്ട്രീയ നേതാക്കന്മാർ ദുബായിൽ പോയിട്ടുണ്ട്. അവരൊക്കെ പോകുന്നത് ഹവാലപ്പണം കടത്താനാണോ അന്വേഷണത്തിലെ മൊഴിയെന്നു പറഞ്ഞ് ഇഡി നടത്തുന്നത് കള്ളപ്രചാരണമാണ്.

സ്വാഭാവിക നടപടിക്രമങ്ങളുടെ ഭാഗമായി പേപ്പറിൽ ഒപ്പിട്ടതെല്ലാം മൊഴിയെന്ന് പറഞ്ഞ് കഥയുണ്ടാക്കുകയാണ് '- റിയാസ് പറഞ്ഞു.'ബിസിനസുമായി ബന്ധപ്പെട്ട് പിണറായി വിജയൻറെ ഇടപാടുണ്ടെന്നു പറയാനാണ് എൻറെ സുഹൃത്തിനോട് ഇഡി ആദ്യം ആവശ്യപ്പെട്ടത്. പറയില്ലെന്നറിയിച്ചപ്പോൾ വീണയുടെ ഇടപാടാണെന്നു പറയാൻ പറഞ്ഞു. ഇതും വിസമ്മതിച്ചതോടെ 22 വയസുള്ള മകളെ പണമിടപാടുമായി ബന്ധപ്പെടുത്തി പ്രതിചേർക്കുമെന്ന് പറഞ്ഞു.

പിണറായി വിജയൻ, വീണ, റിയാസ് എന്നിവരുടെ പേരോ അല്ലെങ്കിൽ ഒരാളുടെ പേരോ പറയണമെന്നു പറഞ്ഞ് ടൈപ്പ് ചെയ്യുകയും പിന്നീട് എൻറെ പേര് എഴുതി ഒപ്പിടുവിക്കുകയുമായിരുന്നു. ഞാൻ സത്യസന്ധമായാണ് രാഷ്ട്രീയ പ്രവർത്തനം നടത്തിയത്. ഒരാളെയും കാലാകാലം പാർലമെൻററി രംഗത്തോ സംഘടനാ രംഗത്തോ സിപിഎം നിർത്തില്ല. മന്ത്രിയാക്കിയത് ഞാൻ വ്യക്തിപരമായി കൈപൊക്കിയിട്ടല്ല. പാർട്ടി തീരുമാനിച്ചത് പ്രകാരമാണ്'- അദ്ദേഹം കൂട്ടിച്ചേർത്തു.

മൊഴിയെന്ന പേരിൽ ഇഡി കള്ള പ്രചാരണം നടത്തുന്നുവെന്ന് ആരോപണമുയരുമ്പോൾ വീണ പ്രതികരിക്കാതിരിക്കുന്നതിനെ ന്യായീകരിച്ച് റിയാസ്. 'വീണ മിണ്ടാതിരിക്കുന്നത് ഭരണഘടനാപരമായ അവകാശമാണ്. പ്രതികരിക്കാനുള്ള അവകാശമുള്ളതുപോലെതന്നെ പ്രതികരിക്കാതിരിക്കാനുള്ള അവകാശവുമുണ്ട്.

ഒരു തെറ്റും ചെയ്തിട്ടില്ലെന്ന ഉറച്ച വിശ്വാസമുണ്ടെങ്കിൽ പ്രതികരിക്കാം, പ്രതികരിക്കാതിരിക്കാം. ഇനി പ്രതികരണം എങ്ങനെയാകണമെന്ന കാര്യത്തിൽ അഭിഭാഷകരുമായി ആലോചിച്ച് തീരുമാനമെടുക്കും. മാധ്യമങ്ങൾ അതു മുഴുവൻ കൊടുക്കാൻ തയാറാകുമോ – റിയാസ് ചോദിച്ചു.

# ഹിസ്ബുള്ളയുടെ തന്ത്രപ്രധാന താവളം തകർത്ത് ഇസ്രയേൽ; മിസൈലുകളും റോക്കറ്റുകളും ചാമ്പലായി

ബെയ്റൂട്ട്: തെക്കൻ ലബനനിലെ അലി അൽ-താഹിർ മലനിരകളിൽ ഇസ്രയേൽ സൈന്യം നടത്തിയ ആക്രമണത്തിൽ ഹിസ്ബുള്ളയ്ക്ക് കനത്ത നാശം. ഹിസ്ബുള്ള നിർമിച്ച വൻ തുരങ്ക ശൃംഖലകളും മിസൈലുകളും റോക്കറ്റുകളും തകർത്തതായി ഇസ്രയേൽ വ്യോമസേന വ്യക്തമാക്കി.

വ്യാഴാഴ്ച രാത്രിയുണ്ടായ ശക്തമായ സ്ഫോടന പരമ്പരകളിലൂടെയാണ് ഇവ തകർത്തതെന്നും സൈന്യം അറിയിച്ചു. ഇറാൻറെ സാമ്പത്തിക പിന്തുണയോടെയും ആസൂത്രണത്തോടെയും കഴിഞ്ഞ രണ്ട് പതിറ്റാണ്ടിനിടെ ഹിസ്ബുള്ള വികസിപ്പിച്ചെടുത്ത പ്രധാന ആയുധ-സൈനിക അടിസ്ഥാന സൗകര്യമാണ് തകർത്തത്

തുരങ്കങ്ങൾ തകർത്തതോടെ അലി അൽ-താഹിർ മലനിരകളുടെ മുകളിലും ഭൂഗർഭ മേഖലയിലും തങ്ങളുടെ നിയന്ത്രണം ശക്തമാക്കിയതായും ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവും പ്രതിരോധ മന്ത്രി ഇസ്രയേൽ കാറ്റ്സും സംയുക്ത പ്രസ്താവനയിൽ അറിയിച്ചു. ലബനനിലെ നബാത്തിയ മേഖലയിലെ മലനിരകളിൽ നടന്ന സ്ഫോടനങ്ങളുടെ പ്രകമ്പനം കിലോമീറ്ററുകൾ അകലെ വരെ അനുഭവപ്പെട്ടതായി വാർത്താ ഏജൻസിയായ എൻഎൻഎ റിപ്പോർട്ട് ചെയ്തു.

ഭൂമിക്കടിയിൽ നിന്ന് ശക്തമായ സ്ഫോടന ശബ്ദങ്ങൾ കേട്ടതായും റിപ്പോർട്ടുകളുണ്ട്. ഇസ്രയേൽ സൈന്യത്തിൻറെ കണക്കനുസരിച്ച് ഭൂമിക്കടിയിൽ രണ്ട് കിലോമീറ്ററിലധികം നീളത്തിൽ വ്യാപിച്ചുകിടന്ന വൻ തുരങ്ക സമുച്ചയമാണ് തകർത്തത്. ഹിസ്ബുള്ളയുടെ പ്രധാന ആയുധശേഖരവും സൈനിക സംവിധാനങ്ങളും ഇവിടെ പ്രവർത്തിച്ചിരുന്നത്. തുരങ്കത്തിനുള്ളിൽ സൂക്ഷിച്ചിരുന്ന ഇറാൻ നിർമിത റോക്കറ്റുകളും മിസൈലുകളും ഡ്രോണുകളും മെഷീൻ ഗണ്ണുകളും ഉൾപ്പെടെയുള്ള ആയുധങ്ങൾ പിടിച്ചെടുത്ത് നശിപ്പിച്ചതായും സൈന്യം അറിയിച്ചു. ഡസൻ കണക്കിന് ടാങ്ക് വിരുദ്ധ മിസൈലുകൾ, നൂറുകണക്കിന് ലാൻഡ് മൈനുകൾ, വൻതോതിലുള്ള സ്ഫോടക വസ്തുക്കൾ എന്നിവയും കണ്ടെത്തിയതായി ഇസ്രയേൽ സൈന്യം അവകാശപ്പെട്ടു.

# പുതിയ ഊർജം തേടി സിപിഎം

കോഴിക്കോട്: നിയമസഭാ തെരഞ്ഞെടുപ്പിലേറ്റ കനത്ത തിരിച്ചടി മറികടക്കാനും പാർട്ടിക്കു പുതിയ ഊർജം പകരാനും ലക്ഷ്യമിട്ട് കോഴിക്കോട്ട് ഈ മാസം 13 മുതൽ ചേരുന്ന മൂന്നു ദിവസത്തെ സിപിഎം വിപുലീകൃത സംസ്ഥാന കമ്മിറ്റി യോഗത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. 307 പ്രതിനിധികളാണു പങ്കെടുക്കുക. കോഴിക്കോട് കണ്ണൂർ റോഡിലെ എകെജി ഓഡിറ്റോറിയത്തിലാണു സംസ്ഥാന കമ്മിറ്റി നടക്കുക.

സമാപനം കോഴിക്കോട് ബീച്ചിൽ ഫ്രീഡം സ്ക്വയറിൽ നടക്കുന്ന ഒരു ലക്ഷം പേർ അണിനിരക്കുന്ന റാലിയോടെയാണ്. വിപുലീകൃത സംസ്ഥാന കമ്മിറ്റിയുടെ ഭാഗമായി 271 ലോക്കൽ കമ്മിറ്റികളിലും കുടുംബയോഗങ്ങൾ സംഘടിപ്പിച്ചു. അവശേഷിക്കുന്ന കുടുംബസംഗമങ്ങൾ ഇന്നും നാളെയുമായി നടക്കുമെന്നു നേതാക്കൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

കേരളത്തിൽനിന്നുള്ള പിബി അംഗങ്ങളായ എം.എ. ബേബി, പിണറായി വിജയൻ, എം.വി. ഗോവിന്ദൻ, എ. വിജയരാഘവൻ എന്നിവർക്കു പുറമേ കെ. ബാലകൃഷ്ണൻ, ബി.വി. രാഘവുലു, അശോക് ധാവ്ളെ, വിജു കൃഷ്ണൻ, യു. വാസുകി എന്നീ അഞ്ച് പിബി അംഗങ്ങൾ വിശാല സംസ്ഥാന സമിതിയിൽ നിരീക്ഷകരായി പങ്കെടുക്കും. കേരളത്തിലെ കേന്ദ്ര കമ്മിറ്റി അംഗങ്ങൾ, സംസ്ഥാന സെക്രട്ടേറിയറ്റ് അംഗങ്ങൾ, സംസ്ഥാന സമിതി അംഗങ്ങൾ, ജില്ലാ സെക്രട്ടേറിയറ്റ് അംഗങ്ങൾ, വർഗ ബഹുജന സംഘടനാ ഭാരവാഹികൾ എന്നിവരാകും വിശാല സംസ്ഥാന സമിതി യോഗത്തിൽ പങ്കെടുക്കുക.

# എക്സാലോജിക് കേസ്: യുഡിഎഫ്–എൽഡിഎഫ് ഒത്തുകളിയെന്ന് കെ. സുരേന്ദ്രൻ

കോഴിക്കോട്: എക്സാലോജിക് അഴിമതി കേസിൽ യുഡിഎഫും എൽഡിഎഫും ഒത്തുകളിക്കുന്നുവെന്ന് ബിജെപി ദേശീയ സെക്രട്ടറി കെ. സുരേന്ദ്രൻ. പിണറായി വിജയനും കുടുംബാംഗങ്ങളും ആരോപണവിധേയരായ എക്സാലോജിക് അഴിമതി കേസിൽ കേസ് എടുക്കണമെന്ന് ആവശ്യപ്പെട്ട് എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് ഔദ്യോഗികമായി സംസ്ഥാന പൊലിസ് മേധാവിക്ക് കത്തയച്ചിട്ടും സർക്കാർ അത് ലാഘവത്തോടെയാണ് കൈകാര്യം ചെയ്യുന്നതെന്ന് കോഴിക്കോട് നടത്തിയ വാർത്താസമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു.

ഇഡി കേസന്വേഷണ വിവരങ്ങൾ പൊലിസിന് കൈമാറിയിട്ടും സർക്കാർ ബോധപൂർവം വൈകിപ്പിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. ഹവാലയും അഴിമതിയും മാത്രമല്ല, അധികാര ദുർവിനിയോഗവും ഇതിൽ നടന്നിട്ടുണ്ട്. പൊതുപ്രവർത്തകർ അഴിമതി നിരോധന നിയമത്തിൻറെ പരിധിയിൽ വരുന്നത് കൊണ്ടാണ് ഇഡി വിവരങ്ങൾ സംസ്ഥാന സർക്കാരിന് നൽകിയതെന്നും അദ്ദേഹം വ്യക്തമാക്കി. വീണാ വിജയൻറെ കമ്പനിയുടെ സേവനമല്ല, മറിച്ച് ധാതുമണൽ കടത്താനുള്ള കൈക്കൂലി വാങ്ങലാണ് നടന്നതെന്നും സിഎംആർഎൽ തന്നെ രാഷ്ട്രീയക്കാർക്കും ഉദ്യോഗസ്ഥർക്കും പണം നൽകിയത് സമ്മതിച്ചിട്ടുണ്ടെന്നും അദ്ദേഹം ആരോപിച്ചു.

ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചരണത്തിന് വന്നപ്പോൾ എന്തുകൊണ്ടാണ് പിണറായി വിജയനെ അറസ്റ്റ് ചെയ്യാത്തതെന്നാണ് രാഹുൽ ഗാന്ധി ചോദിച്ചതെന്നും സതീശനും അഞ്ച് വർഷമായി ഇതേ ചോദ്യമാണ് ഉന്നയിച്ചതെന്നും എന്നാൽ ഇപ്പോൾ ഇവരൊന്നും ഇക്കാര്യത്തിൽ മിണ്ടുന്നില്ലെന്നും സുരേന്ദ്രൻ ചൂണ്ടിക്കാട്ടി.

കേസ് അന്വേഷണം മുന്നോട്ടുപോയാൽ യുഡിഎഫ് നേതാക്കൾ കുടുങ്ങുമെന്ന ഭയമാണ് സർക്കാരിനുള്ളത്. ഈ വിഷയത്തിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ ജനങ്ങളോട് നിലപാട് വ്യക്തമാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. സതീശൻ പറയുന്നത് ഒന്നാണെങ്കിലും പ്രവർത്തിക്കുന്നത് മറ്റൊന്നാണെന്നും പിണറായി വിജയന് പിന്തുണയുമായി വൈകാതെ പി.കെ. കുഞ്ഞാലിക്കുട്ടി രംഗത്തിറങ്ങുമെന്നും സുരേന്ദ്രൻ കൂട്ടിച്ചേർത്തു.



# അഖിലേന്ത്യ ബാങ്ക് പണിമുടക്ക് സമ്പൂർണ്ണ വിജയം

ബാങ്കിംഗ് മേഖലയിലെ ഏഴ് പ്രമുഖ സംഘടനകളുടെ ഐക്യവേദിയായ യുണൈറ്റഡ് ഫോറം ഓഫ് ബാങ്ക് യൂണിയൻസ് ആഹ്വാനം ചെയ്ത അഖിലേന്ത്യ ബാങ്ക് പണിമുടക്ക് സമ്പൂർണ്ണ വിജയം. കേരളത്തിലും രാജ്യത്തിൻറെ മറ്റു ഭാഗങ്ങളിലും ബാങ്ക് ശാഖകൾ അടഞ്ഞു കിടന്നു. ആഴ്ചയിൽ അഞ്ചുദിവസ ബാങ്കിംഗ് അനുവദിക്കുക, ഉഭയകക്ഷി കരാർ പ്രകാരമുള്ള ധാരണകൾ പാലിക്കുക, സർക്കാരിന്റെ ഏകപക്ഷീയവും വിവേചനപരവുമായ പി.എൽ .ഐ പദ്ധതി പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ടാണ് ജീവനക്കാർ പണിമുടക്കിയത്.

തിരുവനന്തപുരത്ത് പണിമുടക്കിയ ജീവനക്കാർ ഫൈൻ ആർട്ട്സ് കോളേജിനു മുന്നിൽ നിന്നും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ സിറ്റി ബ്രാഞ്ച് വരെ റാലി നടത്തി. റാലിയിൽ ആയിരക്കണക്കിന് ജീവനക്കാർ പങ്കെടുത്തു.

തുടർന്ന് നടന്ന പൊതുയോഗം സി.ഐ. ടി.യു സംസ്ഥാന സെക്രട്ടറി കെ.എസ് സുനിൽകുമാർ ഉദ്ഘാടനം ചെയ്തു. ബാങ്ക് ജീവനക്കാർ നടത്തുന്ന ധർമ്മ സമരത്തിന് മറ്റെല്ലാ മേഖലയിലെയും ജീവനക്കാരുടെ പിന്തുണ ഉണ്ടാകുമെന്ന് അദ്ദേഹം പറഞ്ഞു. യു.എഫ്.ബി.യു ജില്ലാ കൺവീനർ വി ജെ വൈശാഖ് അധ്യക്ഷത വഹിച്ചു.

ഓൾ ഇന്ത്യ ബാങ്ക് എംപ്ലോയീസ് അസോസിയേഷൻ സംസ്ഥാന പ്രസിഡൻറ് എ ആർ സുജിത്ത് രാജു, ഓൾ ഇന്ത്യ ബാങ്ക് ഓഫീസേഴ്സ് കോൺഫറേഷൻ സംസ്ഥാന സെക്രട്ടറി ശ്രീനാഥ് ഇന്ദുചൂഡൻ, നാഷണൽ കോൺഫെഡറേഷൻ ഓഫ് ബാങ്ക് എംപ്ലോയീസ് ദേശീയ വൈസ് പ്രസിഡൻറ് എസ് അഖിൽ, ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ ഓഫ് ഇന്ത്യ അഖിലേന്ത്യ ജനറൽ കൗൺസിൽ അംഗം എസ് ബി എസ് പ്രശാന്ത്, ഇന്ത്യൻ നാഷണൽ ബാങ്ക് ഓഫീസേഴ്സ് കോൺഫെഡറേഷൻ സംസ്ഥാന വൈസ് പ്രസിഡൻറ് ആർ പി കൃഷ്ണകുമാർ എന്നിവർ സംസാരിച്ചു.

ഓൾ ഇന്ത്യ ബാങ്ക് എംപ്ലോയീസ് അസോസിയേഷൻ ജില്ലാ സെക്രട്ടറി സുബിൻ ബാബു സ്വാഗതവും ആൾ ഇന്ത്യ ബാങ്ക് ഓഫീസേഴ്സ് കോൺഫെഡറേഷൻ ജില്ലാ സെക്രട്ടറി പ്രതീഷ് കുമാർ നന്ദിയും പറഞ്ഞു.

ബാങ്ക് ജീവനക്കാർ ഉന്നയിച്ച ആവശ്യങ്ങളിൽ തീരുമാനം ഉണ്ടായില്ലെങ്കിൽ സെപ്റ്റംബർ 28, 29, 30 തീയതികളിൽ ത്രിദിന പണിമുടക്കും ഒക്ടോബർ 26 മുതൽ അനിശ്ചിതകാല പണിമുടക്കും നടത്തുവാൻ ആണ് യുണൈറ്റഡ് ഫോറം ആഹ്വാനം ചെയ്തിട്ടുള്ളത്.

# പട്ടികജാതി സബ്സിഡി തുക തട്ടിപ്പ്: ഒരു പ്രതികൂടി വിജിലൻസ് പിടിയിൽ

തിരുവനന്തപുരം: കോർപറേഷനിലെ പട്ടികജാതി വിഭാഗത്തിലെ വനിതകൾക്കുള്ള സ്വയം തൊഴിൽ സംരംഭ പദ്ധതിയിൽ വായ്പ തുകയുടെ സബ്സിഡി അനുവദിച്ചതിൽ ക്രമക്കേട് നടത്തി 1.26 കോടിയുടെ ഫണ്ട് തട്ടിയെടുത്ത കേസിലെ പ്രതിയായ തിരുവനന്തപുരം തിരുവല്ലം സ്വദേശിനി എൽ. ബിന്ദുവിനെ (47) വിജിലൻസ് അറസ്റ്റ് ചെയ്തു. കോടികളുടെ സബ്സിഡി തട്ടിയ കേസിൽ ആറാമതായി അറസ്റ്റിലാകുന്ന ആളാണ് ബിന്ദു.

കേസിൽ തിരുവനന്തപുരം കോർപറേഷനിലെ മുൻ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ പ്രവീൺരാജ്, മുൻ എസ്സി പ്രമോട്ടർമാരായ എസ്. സിന്ധു, അജിത, പട്ടം സർവീസ് സഹകരണ ബാങ്ക് മുൻ മാനേജർ സോണി, ആധാരം എഴുത്തുകാരനായ സുരേഷ് ബാബു എന്നിവരെ നേരത്തെ വിജിലൻസ് അറസ്റ്റ് ചെയ്തിരുന്നു.

2020–2021 സാന്പത്തിക വർഷം തിരുവനന്തപുരം നഗരസഭയിൽ പട്ടികജാതി വിഭാഗത്തിലെ വനിതകളുടെ സ്വയം തൊഴിൽ സംരംഭങ്ങൾക്കായി നടപ്പാക്കിയ പദ്ധതിയുടെ വായ്പകൾക്കുള്ള സബ്സിഡി അനുവദിച്ചതിൽ ക്രമക്കേട് നടന്നെന്ന ആരോപണത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിരുന്നു. സംരംഭക ഗ്രൂപ്പുകൾക്ക് സബ്സിഡിയായി അനുവദിച്ച 1.26 കോടി രൂപ വിതരണം ചെയ്തതായി വ്യാജ രേഖകളുണ്ടാക്കിയ ശേഷം യഥാർഥ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാതെ തുക ഒരു സ്വകാര്യ സ്ഥാപനത്തിൻറെ വിവിധ ബാങ്ക് അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്താണ് ഫണ്ട് തട്ടിയെടുത്തത്. ഈ കേസിൻറെ അന്വേഷണത്തിൽ 8–ാം പ്രതിയായ ബിന്ദു മറ്റ് പ്രതികളുമായി ഗൂഡാലോചന നടത്തിയതായും 36 ലക്ഷം രൂപ ബിന്ദുവിൻറെ ബാങ്ക് അക്കൗണ്ടിലേക്ക് എത്തിയതായും വിജിലൻസ് കണ്ടെത്തിയിരുന്നു. അറസ്റ്റ് ചെയ്ത പ്രതിയെ തിരുവനന്തപുരം വിജിലൻസ്കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

## പണപ്പിരിവ് കേഡർമാരിൽ നിന്നുമാത്രം

കോഴിക്കോട്: തെരഞ്ഞെടുപ്പിലെ വലിയ തിരിച്ചടിക്ക് പിന്നാലെ ചേരുന്ന സിപിഎം വിപുലീകൃത സംസ്ഥാന കമ്മറ്റി യോഗ ചെലവുമായി ബന്ധപ്പെട്ട് പിരിവ് ഭാരം മറ്റുള്ളവരിൽനിന്ന് ഒഴിവാക്കാൻ സിപിഎം. ഇത്തവണ ജില്ലയിലെ പാർട്ടി കേഡർമാരിൽനിന്നു മാത്രം നൂറിൽ കുറയാത്ത തുക സംഭാവനയായി സ്വീകരിച്ചാൽ മതിയെന്നാണു തീരുമാനം.

പാർട്ടിക്കു പുറത്തുനിന്നുള്ള വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നു പണം സ്വീകരിക്കില്ല. ജില്ലയിൽ സിപിഎമ്മിന് ഒരു ലക്ഷം പാർട്ടി അംഗങ്ങളുണ്ട്. ആഡംബരങ്ങളും നക്ഷത്ര ഹോട്ടൽ താമസവും ഒഴിവാക്കി സമ്മേളനച്ചെലവുകൾക്കായി അംഗങ്ങളിൽ നിന്ന് മാത്രം തുക ഈടാക്കാനാണ് തീരുമാനം.

# പനച്ചമൂട് മേഖലയിൽ പരിശോധന: 246 ചാക്ക് ഭക്ഷ്യധാന്യങ്ങൾ പിടികൂടി

തിരുവനന്തപുരം: പനച്ചമൂടിലും പരിസരപ്രദേശങ്ങളിലുമുള്ള സ്വകാര്യ ഗോഡൗണുകളിൽ നടത്തിയ മിന്നൽ പരിശോധനയിൽ 246 ചാക്ക് റേഷൻ ഭക്ഷ്യധാന്യങ്ങൾ പിടിച്ചെടുത്തു.

ഇന്നലെ അർധരാത്രി വരെ നീണ്ട പരിശോധനയിൽ പനച്ചമൂട് അൽ അമീൻ ട്രേഡേഴ്സ് കോമ്പൗണ്ടിൽ പാർക്ക് ചെയ്തിരുന്ന തമിഴ്നാട് രജിസ്ട്രേഷൻ ലോറിയിൽ കടത്തിക്കൊണ്ടുപോകാൻ ശ്രമിച്ച 101 ചാക്ക് (5,050 കിലോഗ്രാം) പുഴുങ്ങല്ലരി, 25 ചാക്ക് (1,250 കിലോഗ്രാം) കുത്തരി, 55 ചാക്ക് (2,750 കിലോഗ്രാം) ഗോതമ്പ് എന്നിവയാണു സിവിൽ സപ്ലൈസ് വകുപ്പ് ഉദ്യോഗസ്ഥർ പിടികൂടിയത്.

പിടിച്ചെടുത്ത ഭക്ഷ്യധാന്യങ്ങളും ലോറിയും മഹസർ റിപ്പോർട്ട് സഹിതം വെള്ളറട പൊലിസിനു കൈമാറി. പനച്ചമൂട് പഞ്ചായത്ത് ഓഫിസിനു സമീപമുള്ള എസ്എൻഎസ് ഗ്രോസറി ട്രേഡിംഗ് എന്ന സ്ഥാപനത്തിൽ റേഷൻ അരി അനധികൃതമായി സംഭരിച്ചിട്ടുണ്ടെന്ന രഹസ്യവിവരത്തിൻറെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയെങ്കിലും കടമുറിയുടെ ഷട്ടർ താഴ്ത്തി പൂട്ടിയ നിലയിലായിരുന്നു.

സ്ഥാപന ഉടമയുമായി നിരന്തരം ഫോണിൽ ബന്ധപ്പെട്ട് കടമുറി തുറന്നുനൽകണമെന്ന് ആവശ്യപ്പെട്ടെങ്കിലും ഉടമ തയാറായില്ല. തുടർന്ന് വാർഡ് മെമ്പർ ശശിധരൻ, വില്ലേജ് ഓഫിസർ എന്നിവരുടെ സാന്നിധ്യത്തിൽ പൂട്ടുപൊളിച്ച് കടമുറിയിൽ പരിശോധന നടത്തി. പരിശോധനയിൽ 142 ചാക്ക് പുഴുങ്ങല്ല രി, 15 ചാക്ക് കുത്തരി, എട്ടു ചാക്ക് ഗോതമ്പ് എന്നിവ ആവശ്യമായ രേഖകളില്ലാതെ സൂക്ഷിക്കുന്നതായി കണ്ടെത്തി. ഭക്ഷ്യധാന്യങ്ങൾ സൂക്ഷിച്ചിരുന്ന ചാക്കുകളിൽ പലതും കാലിത്തീറ്റ, രാസവളം തുടങ്ങിയവയുടെ പഴയ ചാക്കുകളാണെന്നും കണ്ടെത്തി. ഇവിടെ നിന്നും 6750 രൂപയും കണ്ടെത്തി.

പിടിച്ചെടുത്ത ഭക്ഷ്യധാന്യങ്ങൾ തുടർ സംരക്ഷണത്തിനായി അമരവിളയിലെ സപ്ലൈകോ എൻഎഫ്എസ്എ ഗോഡൗണിൽ സൂക്ഷിക്കാൻ കൈമാറി. അവശ്യസാധന നിയമം പ്രകാരം തുടർനടപടികൾ സ്വീകരിക്കാൻ ജില്ലാ കലക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

റേഷനിംഗ് കൺട്രോളർ സി. വി. മോഹൻകുമാർ, ദക്ഷിണ മേഖല ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർ എ. സജാദ്, ജില്ലാ സപ്ലൈ ഓഫിസർ എസ്. ആർ. സ്മിത എന്നിവർ പരിശോധനയ്ക്ക് നേതൃത്വം നൽകി.

# പഴവങ്ങാടിയിൽ നാലുനില കെട്ടിടം നിർമാണം തടഞ്ഞ് കോർപറേഷൻ

തിരുവനന്തപുരം: അനധികൃത നിർമാണങ്ങൾക്കെതിരേ തിരുവനന്തപുരം നഗരസഭ കർശന നടപടികളാരംഭിച്ചു. നഗരത്തിൻറെ ഹൃദയഭാഗത്ത് പഴവങ്ങാടിയിൽ അനധികൃതമായി നടത്തിവന്നിരുന്ന നാലുനില കെട്ടിട നിർമാണമാണ് ഇന്നലെ ടൗൺ പ്ലാനിംഗ് കമ്മിറ്റി ചെയർമാൻ പാറ്റൂർ രാധാകൃഷ്ണൻ, വർക്സ് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ജി. എസ്. മഞ്ജു എന്നിവരുടെ നേതൃത്വത്തിൽ നഗരസഭാ ഉദ്യോഗസ്ഥരെത്തി തടഞ്ഞത്. രണ്ടു തവണ നഗരസഭ ടൗൺ പ്ലാനിംഗ് സ്ക്വാഡ് സ്റ്റോപ്പ് മെമ്മോ കൊടുത്ത് തടഞ്ഞ കെട്ടിടമാണു രഹസ്യമായി പണി തുടർന്നത്.

നേരത്തേ ഉണ്ടായിരുന്ന പഴയ ഓടിട്ട കെട്ടിടത്തിൽ അഞ്ചു കടമുറികളാണ് ഉണ്ടായിരുന്നത്. ഈ കെട്ടിടം ഇടിച്ച ശേഷമാണ് നാലുനിലയുള്ള കെട്ടിടം നിർമാണ ചട്ടങ്ങളെല്ലാം ലംഘിച്ച് നഗരസഭയുടെ അനുമതികളൊന്നും ഇല്ലാതെ പണിതുയർത്തിയത്. ഹെറിറ്റേജ് സോൺ കൂടിയാണ് ഈ സ്ഥലം.

അനധികൃത നിർമാണ പ്രവർത്തനങ്ങൾ തടയാൻ നഗരസഭാ ടൗൺ പ്ലാനിംഗ് വിഭാഗത്തിനൊപ്പം പൊലിസിൻറെ കൂടി കാര്യക്ഷമമായ ഇടപെടൽ ഉറപ്പാക്കുമെന്നും അനുമതി ഇല്ലാത്ത ഇത്തരം നിർമാണങ്ങൾ പൊളിച്ചു കളയാൻ നിർദേശം നൽകുമെന്നും ടൗൺ പ്ലാനിംഗ് കമ്മിറ്റി ചെയർമാൻ പാറ്റൂർ രാധാകൃഷ്ണൻ പറഞ്ഞു. നഗരസഭാ എക്സിക്യൂട്ടീവ് എൻജിനിയർമാരായ സാം, ടി. ആർ. വിദ്യാനാഥ്, ബി. ബിജു, അസിസ്റ്റൻറ് എൻജിനിയർ പി. കൃഷ്ണകുമാർ, അസിസ്റ്റൻറ് എൻജിനിയർ എ. വി. ഗ്രീഷ്മ, ബിൽഡിംഗ് ഇൻസ്പെക്ടർ എസ്. ആർ. സുചിത്ര എന്നിവരും സംഘത്തിലുണ്ടായിരുന്നു. ഫോർട്ട് പൊലീസും സ്ഥലത്തെത്തി.

## കണ്ടന്റ് ക്രിയേറ്റർ പാനലിലേക്ക് അപേക്ഷിക്കാം

കൈറ്റ് വിക്ടേഴ്സ്, പി.എം ഇ–വിദ്യ ചാനലുകളിലേക്ക് കണ്ടന്റ് ക്രിയേറ്റർമാരുടെ പാനൽ തയ്യാറാക്കുന്നതിലേക്കായി സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അധ്യാപകരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. സർഗാത്മക ശേഷിയും സാങ്കേതികവിദ്യയിൽ അറിവുള്ളവരുമായ ഊർജസ്വലരായവർക്ക് അപേക്ഷിക്കാം.

സ്വന്തമായ ക്ലാസ് റൂം സെഷൻ/ വിദ്യാഭ്യാസ ആശയങ്ങൾ വിശദീകരിക്കുന്ന രണ്ട് മിനിറ്റ് ദൈർഘ്യമുള്ള റെക്കോർഡ് ചെയ്ത വീഡിയോ വ്യക്തിഗത ഗൂഗിൾ ഡ്രൈവിൽ അപ്‌ലോഡ് ചെയ്ത് ലിങ്ക് അപേക്ഷാ ഫോമിൽ പോസ്റ്റ് ചെയ്യണം.

# റേഷൻ തിരിമറി നടത്തിയാൽ കർശനനടപടി: മന്ത്രി

തിരുവനന്തപുരം: പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യേണ്ട റേഷൻ ഭക്ഷ്യധാന്യങ്ങൾ കരിഞ്ചന്തയിൽ മറിച്ചുവിൽക്കുന്നവർക്കും തിരിമറി നടത്തുന്നവർക്കുമെതിരേ കർശനനടപടിയെടുക്കുമെന്നു മന്ത്രി അനൂപ് ജേക്കബ് അറിയിച്ചു. റേഷൻ ദുരുപയോഗം, അനധികൃത സംഭരണം, കടത്ത് എന്നിവ തടയാനായി സംസ്ഥാനവ്യാപകമായി പരിശോധന ശക്തമാക്കും. മിന്നൽ പരിശോധനകൾ തുടർന്നും നടത്താൻ നിർദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

റേഷൻ വിഹിതത്തിൽ കുറവ് വരുത്തുക, പൂഴ്ത്തിവയ്ക്കുക, കരിഞ്ചന്തയിൽ മറിച്ചു വിൽക്കാൻ ശ്രമിക്കുക എന്നിവ കണ്ടെത്തിയാൽ റേഷൻ കടയുടെ ലൈസൻസ് അടിയന്തരമായി സസ്പെൻഡ് ചെയ്യുകയോ സ്ഥിരമായി റദ്ദാക്കുകയോ ചെയ്യും. റേഷൻ സാധനങ്ങൾ തിരിമറി ചെയ്യുന്നത് അവശ്യസാധന നിയമപ്രകാരം ജാമ്യമില്ലാ കുറ്റമാണ്. കുറ്റക്കാർക്ക് ഏഴു വർഷം വരെ തടവുശിക്ഷയും വലിയ തുക പിഴയും ലഭിക്കാം. പരിശോധനകളിൽ തട്ടിപ്പ് കണ്ടെത്തിയാൽ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യും.

## എൻജിനീയറിംഗ് ഇന്റേൺഷിപ്പ്

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ 2026–27 വർഷത്തെ ഇന്റേൺഷിപ്പ് പ്രോഗ്രാമിലേക്ക് ബി.ടെക്/എം.ടെക് ഇലക്ട്രിക്കൽ എൻജിനീയറിംഗ്, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എൻജിനീയറിംഗ് വിഭാഗങ്ങളിൽ പുതുതായി ബിരുദം നേടിയ ഉദ്യോഗാർഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. സെപ്റ്റംബർ 28 നകം അപേക്ഷ സമർപ്പിക്കണം. വിവരങ്ങൾക്ക്: https://erckerala.org/

## ഡിജിറ്റൽ സർവേ രണ്ടാംഘട്ടം നവംബർ ഒന്നിന് പുനരാരംഭിക്കും

തിരുവനന്തപുരം: മുടങ്ങിക്കിടക്കുന്ന ഡിജിറ്റൽ സർവേയുടെ രണ്ടാംഘട്ടം കേരളപ്പിറവി ദിനമായ നവംബർ ഒന്നിന് പുനരാരംഭിക്കുമെന്ന് റവന്യു മന്ത്രി എ.പി. അനിൽകുമാർ. നിലവിലെ സർവേ നടത്തിപ്പിലെ അപാകതകൾ പൂർണമായും പരിഹരിച്ച ശേഷമായിരിക്കും രണ്ടാംഘട്ട സർവേ തുടങ്ങുക.

മുഖ്യമന്ത്രി വി.ഡി. സതീശൻറെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് ഡിജിറ്റൽ സർവേ പുനരാരംഭിക്കാനുള്ള തീരുമാനമുണ്ടായത്. നിലവിൽ നടക്കുന്ന ഡിജിറ്റൽ സർവേയുടെ വിവിധ ഘട്ടങ്ങളിലെ പ്രശ്നങ്ങൾ മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. ഇവ പരിഹരിച്ച് കൂടുതൽ കാര്യക്ഷമമായ രീതിയിലായിരിക്കും രണ്ടാംഘട്ട സർവേ നടപ്പാക്കുക. ജീവനക്കാർക്ക് പ്രഫഷണൽ പരിശീലനം നൽകും.

ഒന്നാം ഘട്ട സർവേയർമാർക്ക് ലഭിക്കാനുള്ള രണ്ടു മാസ ശമ്പള കുടിശിക തീർപ്പാക്കുന്നതിനായി 17 കോടി രൂപ അനുവദിച്ചതായും മന്ത്രി അറിയിച്ചു.

# ജയിൽ വകുപ്പ് ഉദ്യോഗസ്ഥനെ ആക്രമിച്ച കേസ്: പ്രതി അറസ്റ്റിൽ

പേരൂർക്കട: പൂജപ്പുര ജയിൽ വകുപ്പ് ഉദ്യോഗസ്ഥനെ ആക്രമിച്ച കേസിലെ പ്രതിയെ ഫോർട്ട് സിഐ ആർ. എസ്. ശ്രീകാന്തും സംഘവും ചേർന്നു പിടികൂടി. കരമന കിള്ളിപ്പാലം സ്വദേശി ആശിഷ് (32) ആണ് പിടിയിലായത്. ജൂലൈ 18ന് പകൽസമയത്തായിരുന്നു കേസിനാസ്പദമായ സംഭവം. ഭാര്യക്കൊപ്പം ചാല മാർക്കറ്റിൽ സാധനങ്ങൾ വാങ്ങാനെത്തിയ കഴക്കൂട്ടം മേനംകുളം സ്വദേശി പ്രജിത്ത് (33) ആണ് ആക്രമണത്തിനിരയായത്. നിരവധി ക്രിമിനൽ കേസുകളിലെ പ്രതിയാണ് ആശിഷ്.

ഒരു കേസുമായി ബന്ധപ്പെട്ട് പൂജപ്പുര സെൻട്രൽ ജയിലിൽ ഇയാൾ തടവിൽ കഴിഞ്ഞു വരികയായിരുന്നു. ആ സമയത്ത് ജയിലിലെ അസിസ്റ്റൻറ് പ്രിസൺ ഓഫിസറായിരുന്നു പ്രജിത്ത്. ജയിൽ വിരുദ്ധ പ്രവർത്തനത്തിനും സ്വഭാവദൂഷ്യത്തിനും ആശിഷിനെതിരേ പ്രജിത്ത് സൂപ്രണ്ടിനു റിപ്പോർട്ട് നൽകിയിരുന്നു. ഈ വൈരാഗ്യമാണ് ആക്രമണത്തിനുള്ള കാരണം.

ജനറൽ ആശുപത്രിയിലെ ഒരു ഡോക്ടറെ അക്രമിച്ച കേസിലും വഞ്ചിയൂർ കോടതി ഉദ്യോഗസ്ഥയെ ആക്രമിച്ച കേസിലും പ്രതിയാണ്.

## സർട്ടിഫിക്കറ്റ് കൈപ്പറ്റണം

തിരുവനന്തപുരം കഴക്കൂട്ടം ഗവ (വനിത) ഐ.ടി.ഐയിൽ 1979 മുതൽ നാഷണൽ/ സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രയിനിംഗ്, സെന്റർ ഓഫ് എക്സലൻസ് സർട്ടിഫിക്കറ്റുകൾ കൈപ്പറ്റാത്തവർ സെപ്റ്റംബർ 28 നകം ഒറിജിനൽ ഹാൾടിക്കറ്റ്, തിരിച്ചറിയൽ രേഖ എന്നിവ സഹിതം ഹാജരായി സർട്ടിഫിക്കറ്റ് കൈപ്പറ്റണമെന്ന് പ്രിൻസിപ്പാൾ അറിയിച്ചു.

## ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷനിൽ പി. ജി.

2026 അധ്യയന വർഷത്തെ മാസ്റ്റർ ഓഫ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ കോഴ്സിന് അപേക്ഷിക്കാം. പൊതുവിഭാഗത്തിനു 1200 രൂപയും പട്ടികജാതി/പട്ടികവർഗ വിഭാഗത്തിന് 600 രൂപയുമാണ് അപേക്ഷാ ഫീസ്. സെപ്റ്റംബർ 15 നകം www.lbscentre.kerala.gov.in ൽ അപേക്ഷിക്കണം. വിവരങ്ങൾക്ക്: 0471–2560361, 362, 363, 364.

# പതിനാറുകാരിക്കു നേരെ ലൈംഗികാതിക്രമ ശ്രമം; നഴ്സിംഗ് ഓഫിസർ അറസ്റ്റിൽ

കൊല്ലം: പതിനാറുകാരിക്കു നേരെ ലൈംഗികാതിക്രമം നടത്താൻ ശ്രമിച്ച കേസിൽ നഴ്സിംഗ് ഓഫിസർ അറസ്റ്റിൽ. യൂട്യൂബറും തിരുവനന്തപുരം വിഴിഞ്ഞം പൂന്തുറ ടിസി 63/560 പള്ളി സ്ട്രീറ്റിൽ മിഗ്ദാദ് (38) ആണ് പോക്സോ കേസിൽ പൊലിസിൻറെ പിടിയിലായത്. പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

ആശ്രാമം ഇഎസ്ഐ ആശുപത്രിയിൽ ചൊവ്വാഴ്ച പുലർച്ചെയാണ് പരാതിക്ക് ആസ്പദമായ സംഭവം. കടുത്ത പനിയെത്തുടർന്നാണ് പതിനാറുകാരിയുടെ മൂത്ത സഹോദരിയെ തിങ്കളാഴ്ച രാത്രി ആശുപത്രിയിലെത്തിച്ചത്. തുടർന്ന് ആശുപത്രിയിൽ കിടത്തണമെന്നു ഡോക്ടർ നിർദേശിച്ചു. കൂട്ടിരിപ്പിനായി പതിനാറുകാരിയാണ് ഉണ്ടായിരുന്നത്. പുലർച്ചെ ലിഫ്റ്റിൽ കയറിയപ്പോഴാണ് പ്രതി ഒപ്പം കയറി കുട്ടിയെ ഉപദ്രവിക്കാൻ ശ്രമിച്ചത്.

തുടർന്ന് സഹോദരിയോടും മൂത്ത സഹോദരനോടും കുട്ടി ഇക്കാര്യം പറഞ്ഞു. ഇവർ അമ്മയോട് പറഞ്ഞതോടെയാണ് സംഭവം പുറത്തറിയുന്നത്. കുട്ടിയുടെ മാതാപിതാക്കൾ ആശുപത്രി സൂപ്രണ്ടിനോട് പരാതി പറഞ്ഞെങ്കിലും നടപടി സ്വീകരിക്കാൻ തയാറായില്ലെന്നു പരാതിയുണ്ട്. തുടർന്ന് കുടുംബം ഈസ്റ്റ് പൊലിസിൽ പരാതി നൽകി. കുട്ടിയുടെ മൊഴി രേഖപ്പെടുത്തിയ പൊലിസ് രാത്രിയോടെ മിഗ്ദാദിനെ അറസ്റ്റ് ചെയ്തു.

# കുന്നത്തുകാൽ സർവീസ് സഹ. ബാങ്കിനെതിരേ റവന്യൂ റിക്കവറി

വെള്ളറട: പിരിച്ചുവിടപ്പെട്ട ജീവനക്കാരൻറെ ആനുകൂല്യങ്ങൾ തടഞ്ഞുവച്ച കേസിൽ ഹൈക്കോടതി ഉത്തരവ് നടപ്പാക്കുന്നതിനായി കുന്നത്തുകാൽ സർവീസ് സഹ. ബാങ്കിനെതിരേ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചു.

ഇതുമായി ബന്ധപ്പെട്ട നോട്ടീസ് റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ ബാങ്ക് അധികൃതർക്ക് നൽകാനെത്തി. മുൻ ജീവനക്കാരനായ വറട്ടയം സുകുമാരൻ നായർക്കെതിരേ ബാങ്ക് സമർപ്പിച്ച ഹർജികൾ ഹൈക്കോടതി തള്ളി. തൊഴിലാളിക്ക് അനുകൂലമായി ലേബർ കോടതിയും ഇൻഡസ്ട്രിയൽ ട്രൈബ്യൂണലും പുറപ്പെടുവിച്ച ഉത്തരവുകൾ ശരിവച്ച സിംഗിൾ ബെഞ്ച് വിധിയ്ക്കെതിരേ ബാങ്ക് നൽകിയ അപ്പീലുകളാണ് ജസ്റ്റീസ് ദേവൻ രാമചന്ദ്രൻ, ജസ്റ്റീസ് ബസന്ത് ബാലാജി എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ച് പൂർണമായും നിരസിച്ചത്.

2004ൽ ബാങ്ക് നൽകിയ ഒരു ഭേദഗതി അപേക്ഷ ട്രൈബ്യൂണൽ പരിഗണിച്ചില്ലെന്ന സാങ്കേതിക വാദമാണ് ബാങ്ക് ഉന്നയിച്ചത്.

എന്നാൽ ഈ അപേക്ഷ ബാങ്ക് അക്കാലത്ത് കോടതിയിൽ കൃത്യമായി ഫയൽ ചെയ്യുകയോ നടപടികൾ പൂർത്തിയാക്കുകയോ ചെയ്തിരുന്നില്ലെന്നു ഹൈക്കോടതി കണ്ടെത്തി. കുന്നത്തുകാൽ സർവീസ് സഹകരണ ബാങ്ക് ഭരണസമിതിയുടെ തൊഴിലാളിവിരുദ്ധനടപടിക്കെതിരേയാണ് ഹൈക്കോടതിയുടെ വിധിയെന്നു മുൻ ജീവനക്കാരൻ സുകുമാരൻ നായർ പ്രതികരിച്ചു.

1998 ജനുവരി 10 നാണ് സുകുമാരൻ നായരെ ബാങ്ക് ഭരണസമിതി പിരിച്ചുവിട്ടത്. ഇതിനെതിരേ അദ്ദേഹം നിയമപോരാട്ടം ആരംഭിക്കുകയായിരുന്നു.

പിരിച്ചുവിട്ട നടപടി തെറ്റാണെന്നും സർവീസിൽ തുടരുന്നതായി കണക്കാക്കി ആറു ശതമാനം പലിശ സഹിതം മുഴുവൻ ആനുകൂല്യങ്ങളും നൽകണമെന്നുമാണ് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലും കൊല്ലം ലേബർ കോടതിയും വിധിച്ചിരുന്നത്. ഈ വിധികൾക്കെതിരേയാണ് ഭരണസമിതി ഹൈക്കോടതിയിൽ അപ്പീൽ നൽകിയിരുന്നത്.

## ഹയർ സെക്കൻഡറി കോഴ്സ്: അപേക്ഷ സമർപ്പിക്കണം

സ്കോൾ–കേരള മുഖേന ഹയർ സെക്കൻഡറിതല കോഴ്സുകളിൽ, 2026–28 ബാച്ചിലേക്ക് ഓപ്പൺ റെഗുലർ, പ്രൈവറ്റ് രജിസ്ട്രേഷൻ വിഭാഗങ്ങളിൽ ഒന്നാം വർഷ പ്രവേശനത്തിന് ഓൺലൈൻ വഴി രജിസ്ട്രേഷൻ പൂർത്തിയാക്കിയ വിദ്യാർഥികളിൽ രേഖകൾ സഹിതമുള്ള അപേക്ഷകൾ സമർപ്പിക്കാത്തവർ സെപ്റ്റംബർ 16 നകം സ്കോൾ–കേരള സംസ്ഥാന ഓഫീസിൽ എത്തിക്കണം.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.




മുഖ്യമന്ത്രി വി.ഡി. സതീശന്റെ അധ്യക്ഷതയിൽ ചേർന്ന ശബരിമല മുന്നൊരുക്ക അവലോകന യോഗം. മന്ത്രിമാരായ കെ മുരളീധരൻ, കെ എം ഷാജി, പി കെ ബഷീർ, സി പി ജോൺ എന്നിവർ സമീപം

# ശബരിമല തീർഥാടനത്തിന് മുന്നൊരുക്കം വേഗത്തിലാക്കണം: മുഖ്യമന്ത്രി

ശബരിമല തീർഥാടനം തുടങ്ങിയതിനു ശേഷവും മുന്നൊരുക്ക പ്രവൃത്തികൾ തുടരുന്ന സാഹചര്യം ഇത്തവണ ഉണ്ടാകരുതെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. ഭക്തർക്ക് ആവശ്യമായ സൗകര്യങ്ങളും സുരക്ഷയും ഒരുക്കുന്നതിൽ ഒരു വീഴ്ചയും വരുത്തരുതെന്നും മുഖ്യമന്ത്രി നിർദേശിച്ചു. ശബരിമല മണ്ഡല, മകരവിളക്ക് തീർത്ഥാടനത്തിന് മുന്നോടിയായുള്ള അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ ആരോഗ്യ ദേവസ്വം വകുപ്പ് മന്ത്രി കെ മുരളീധരൻ, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി കെ എം ഷാജി, പൊതുമരാമത്ത് വകുപ്പ് മന്ത്രി പി കെ ബഷീർ, ഗതാഗത വകുപ്പ് മന്ത്രി സി പി ജോൺ, ചീഫ് സെക്രട്ടറി ബിശ്വനാഥ് സിൻഹ, ഡി ജി പി റവാഡ എ ചന്ദ്രശേഖർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് കെ ജയകുമാർ എന്നിവർ പങ്കെടുത്തു.

സന്നിധാനത്ത് എല്ലാ വകുപ്പുകളുടെയും സംയുക്ത കൺട്രോൾ റൂം സ്ഥാപിക്കണമെന്ന് മുഖ്യമന്ത്രി നിർദേശം നൽകി. പമ്പ, ശബരിമല, ഇടത്താവളങ്ങൾ എന്നിവിടങ്ങളിൽ ശുചീകരണയജ്ഞം നടത്തണം. പമ്പയിൽ അടിഞ്ഞു കൂടുന്ന വസ്ത്രങ്ങൾ അപ്പപ്പോൾ നീക്കം ചെയ്യണം. പ്രസാദവിതരണത്തിന് ആവശ്യമായ സാധന സാമഗ്രികളുടെ ലഭ്യത ഉറപ്പ് വരുത്തണം. കെട്ടിടങ്ങളുടെ കെട്ടുറപ്പ്, അഗ്നിരക്ഷാ സംവിധാനങ്ങൾ, വൈദ്യുതി സുരക്ഷ എന്നിവ ഉറപ്പ് വരുത്തണം. തിരുവിതാംകൂർ ദേവസ്വം ബോർഡ് നേരിട്ട് നടത്തുന്ന ഇടത്താവളങ്ങളുടെ നിർമാണ പ്രവൃത്തി വേഗത്തിലാക്കണം. ടോയ്‌ലറ്റ് ശുചിത്വം, പരിസരശുചിത്വം, വെള്ളം തുടങ്ങിയവ ഉറപ്പാക്കണം. പാർക്കിംഗ് ഗ്രൗണ്ട് കാട് മൂടി കിടക്കുന്ന അവസ്ഥ ഉണ്ടാകരുത്. പോലീസ്, ആരോഗ്യ പ്രവർത്തകർ ഉൾപ്പെടെയുള്ള സർക്കാർ ഉദ്യോഗസ്ഥർക്ക് ശബരിമലയിൽ തങ്ങാനാവശ്യമായ സൗകര്യങ്ങൾ ദേവസ്വം ബോർഡ് ഉറപ്പാക്കണം. ഭക്തർക്ക് അപകടമുണ്ടാക്കുന്ന രീതിയിൽ ബാരിക്കേഡുകൾ സ്ഥാപിക്കരുതെന്നും മുഖ്യമന്ത്രി നിർദേശം നൽകി.

ശബരിമലയിൽ മണിക്കൂറുകളോളം കാത്ത് കിടക്കുന്ന ഭക്തർക്ക് സംവിധാനങ്ങൾ ഒരുക്കുന്നതിൽ ഒരു വിട്ടുവീഴ്ചയും ഉണ്ടാകരുതെന്ന് മന്ത്രി കെ മുരളീധരൻ പറഞ്ഞു. സമയബന്ധിതമായി കാര്യങ്ങൾ പൂർത്തിയാക്കുന്നതിന് സംവിധാനം ഉറപ്പാക്കണമെന്നും മന്ത്രി പറഞ്ഞു. പൊതുമരാമത്ത് വകുപ്പ് 551 കോടി രൂപയുടെ റോഡ് നിർമാണ പ്രവൃത്തികൾ ഏറ്റെടുക്കുമെന്ന് മന്ത്രി പി കെ ബഷീർ അറിയിച്ചു. കെഎസ്ആർടിസി ഇത്തവണ 500 ബസുകൾ ലീസിനെടുത്ത് അധികമായി സർവീസ് നടത്തുമെന്ന് മന്ത്രി സി പി ജോൺ അറിയിച്ചു. ശുചീകരണ പ്രവർത്തനങ്ങൾ ഉൾപ്പെടെ നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൂർണ സജ്ജമാണെന്ന് മന്ത്രി കെ എം ഷാജി പറഞ്ഞു.

അരവണ നിർമാണ പ്ലാന്റിന്റെ ശേഷി വർധിപ്പിച്ചിട്ടുണ്ടെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചു. പ്രതിദിനം മൂന്നേകാൽ ലക്ഷം അരവണ ഉത്പാദിപ്പിക്കും. സീസൺ ആരംഭിക്കുമ്പോൾ 70 ലക്ഷം അരവണ സ്റ്റോക്ക് ഉണ്ടാകും. അപ്പം പായ്ക്ക് ചെയ്യുന്നതിന് യന്ത്രവൽക്കൃത സംവിധാനം ഏർപ്പെടുത്തും. തീർഥാടനത്തിനിടെ ജീവൻ നഷ്ടമാകുന്ന ഭക്തരുടെ കുടുംബങ്ങൾക്കായി എൽ ഐ സിയുമായി ചേർന്ന് 2 ലക്ഷം രൂപയുടെ ഇൻഷുറൻസ് ഏർപ്പെടുത്തുമെന്നും ദേവസ്വം ബോർഡ് അറിയിച്ചു. മുറി ബുക്ക് ചെയ്യുന്നതുൾപ്പെടെ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഇത്തവണ ഡിജിറ്റലാക്കും. വാടകയ്ക്ക് നൽകുന്ന മുറികളിൽ ഹൗസ് കീപ്പിങ് സൗകര്യം ഏർപ്പെടുത്തും. ശുചിത്വ മിഷനുമായി സഹകരിച്ചു ഭക്ഷ്യ വസ്തുക്കൾ സംസ്കരിക്കാൻ പ്ലാന്റ് സ്ഥാപിക്കും. ടോയ്‌ലറ്റ് ശുചീകരണം കാര്യക്ഷമമാക്കും. 600 പുതിയ ബയോ ടോയ്‌ലെറ്റുകൾ സ്ഥാപിക്കും. നിലയ്ക്കലിൽ ഭക്തർക്കായി പന്തൽ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കും. മൂന്ന് കോടി രൂപ മുടക്കി ശബരിമലയിൽ വിവിധയിടങ്ങളിൽ പോലീസ് എ.ഐ. കാമറകൾ സ്ഥാപിക്കും. സീസൺ സമയത്ത് അയ്യായിരം പോലീസുകാരെ ഡ്യൂട്ടിക്ക് നിയോഗിക്കും. തിരുവിതാംകൂർ ദേവസ്വം ബോർഡ് ആസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം സ്ഥാപിക്കും. എല്ലാ ദിവസവും അന്നദാനത്തിന് സദ്യ ഒരുക്കും. സീസണിൽ 22 എമർജൻസി ഹെൽത്ത് സെന്ററുകൾ പ്രവർത്തിക്കും. സീതത്തോടിൽ പുതിയ പ്ലാൻറ് നിലവിൽ വന്നതോടെ ശബരിമലയിൽ കുടിവെള്ളത്തിനായി ഇനി ടാങ്കർ ലോറിയെ ആശ്രയിക്കേണ്ട സാഹചര്യം ഉണ്ടാകില്ലെന്ന് ജല അതോറിറ്റി അറിയിച്ചു. 300 അധിക ട്രെയിൻ സർവീസുകൾ നടത്തുമെന്ന് ഇന്ത്യൻ റെയിൽവേ അറിയിച്ചു. പമ്പയിൽ വസ്ത്രങ്ങൾ ഉപേക്ഷിക്കുന്ന പ്രവണത അവസാനിപ്പിക്കാൻ മറ്റ് സംസ്ഥാനങ്ങളിൽ പ്രചാരണം നടത്താൻ അവലോകന യോഗത്തിൽ തീരുമാനമായി. അടുത്ത അവലോകന യോഗം ഒക്ടോബറിൽ പമ്പയിൽ നടത്തും.

തിരുവനന്തപുരം തൈക്കാട് ഗസ്റ്റ് ഹൗസിൽ നടന്ന യോഗത്തിൽ ആരോഗ്യം, തദ്ദേശ സ്വയംഭരണം, ധനകാര്യം, പോലീസ്, പൊതുമരാമത്ത്, റവന്യൂ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, കെ എസ് ഇ ബി, ട്രാൻസ്പോർട്ട്, ജല അതോറിറ്റി, വനം വകുപ്പ് തുടങ്ങി വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ പങ്കെടുത്തു. പത്തനംതിട്ട, കോട്ടയം, ഇടുക്കി കളക്ടർമാരും ഇന്ത്യൻ റെയിൽവേയുടെ പ്രതിനിധിയും യോഗത്തിൽ പങ്കെടുത്തു.

# ജിഎസ്ടി വകുപ്പിന് കരുത്തേകാൻ 64 പുതിയ വാഹനങ്ങൾ; മുഖ്യമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും

സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമ പദ്ധതിയുടെ ഭാഗമായി സംസ്ഥാന ചരക്ക് സേവന നികുതി (ജിഎസ്ടി) വകുപ്പിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന് 64 പുതിയ ഔദ്യോഗിക വാഹനങ്ങൾ നിരത്തിലിറങ്ങുന്നു.

സെപ്റ്റംബർ 14 തിങ്കളാഴ്ച രാവിലെ 11.45ന് പാളയം സെൻട്രൽ സ്റ്റേഡിയത്തിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ വാഹനങ്ങളുടെ ഫ്ലാഗ് ഓഫ് നിർവഹിക്കും.

വകുപ്പിലെ ഓഡിറ്റ്, ഇന്റലിജൻസ്, ടാക്സ് പേയർ സർവീസസ് വിഭാഗങ്ങളുടെ ഫീൽഡ് തല പ്രവർത്തനങ്ങളും നിരീക്ഷണങ്ങളും കൂടുതൽ ഊർജിതമാക്കുകയാണ് ലക്ഷ്യം. പുതിയ വാഹനങ്ങൾ എത്തുന്നതോടെ ഫീൽഡ് തല പരിശോധനകൾ വേഗത്തിലാക്കാനും നികുതി ചോർച്ച ഫലപ്രദമായി തടയാനും സാധിക്കും. നികുതിദായകർക്ക് ആവശ്യമായ സേവനങ്ങൾ കാലതാമസമില്ലാതെ ലഭ്യമാക്കുന്നതിനൊപ്പം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം വർധിപ്പിക്കാനും ഇത് വഴിയൊരുക്കും.

നികുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കെ. ആർ. ജ്യോതിലാൽ അധ്യക്ഷനാകുന്ന ചടങ്ങിൽ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കമ്മീഷണർ പി. ബി. നൂഹ്, സ്പെഷ്യൽ കമ്മീഷണർ രാഹുൽ കൃഷ്ണ ശർമ്മ, അഡീഷണൽ കമ്മീഷണർ മുഹമ്മദ് ഷഫീക്ക് തുടങ്ങിയവർ സന്നിഹിതരാകും.

## യുവജനങ്ങളുടെ കർമശേഷി പരിപോഷിപ്പിക്കാൻ പദ്ധതികൾ: മന്ത്രി

കൊച്ചി: കേരളത്തിലെ യുവജനങ്ങളുടെ കർമശേഷി പരിപോഷിപ്പിക്കാൻ കായിക മേഖലയുമായി ബന്ധിപ്പിച്ച് പുതിയ പദ്ധതികൾ ആവിഷ്കരിക്കുമെന്ന് മന്ത്രി ഒ.ജെ. ജനീഷ്. സിബിഎസ്ഇ സ്കൂൾ ക്ലസ്റ്റർ കായിക മേള ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു മന്ത്രി.

കേരള, സിബിഎസ്ഇ, ഐസിഎസ്‌സി ഭേദമില്ലാതെ മികച്ച കായികതാരങ്ങളെ കണ്ടെത്തി എല്ലാവിധ പിന്തുണയും നൽകി മുഖ്യധാരയിലേക്ക് ഉയർത്തുന്നതിന് മത്സരങ്ങൾ സംഘടിപ്പിക്കും. ആദ്യപടിയായി കോളജ്തല മത്സങ്ങൾ ആരംഭിച്ചു. സ്കൂൾ സമയം കഴിഞ്ഞാൽ സ്പോർട്സുമായി ഇടപഴകാനുള്ള സാഹചര്യങ്ങൾ, ഗ്രൗണ്ടുകൾ, സൗകര്യങ്ങൾ എന്നിവ എല്ലായിടത്തുമുണ്ടാകണമെന്നും മന്ത്രി പറഞ്ഞു.

## സിബിഎസ്ഇ ക്ലസ്റ്റർ 11 അത്‌ലറ്റിക് മീറ്റ്; എറണാകുളം മുന്നിൽ

കൊച്ചി: സിബിഎസ്ഇ ക്ലസ്റ്റർ 11 അത്‌ലറ്റിക് മീറ്റിൻറെ ആദ്യദിനത്തിൽ 616 പോയിൻറുമായി എറണാകുളം ജില്ല മുന്നിൽ. 135 പോയിൻറ് നേടി ഇടുക്കിയും 117 പോയിൻറുമായി തിരുവനന്തപുരവും യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളിലെത്തി. അണ്ടർ 14, 17, 19 പ്രായ വിഭാഗങ്ങളിലായി എറണാകുളം മഹാരാജാസ് കോളജ് സ്റ്റേഡിയത്തിൽ നടക്കുന്ന മത്സരം ഇന്നു സമാപിക്കും.

മേളയുടെ ഉദ്ഘാടനം കായികമന്ത്രി ഒ.ജെ. ജനീഷ് നിർവഹിച്ചു. കൊച്ചി സിറ്റി ഡെപ്യൂട്ടി പൊലിസ് കമ്മിഷണർ മോഹിത് റാവത്ത് കായികതാരങ്ങൾക്ക് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ടി.ജെ. വിനോദ് എംഎൽഎ മുഖ്യപ്രഭാഷണം നടത്തി. മീറ്റിൻറെ ജനറൽ കൺവീനറും പ്രഗതി അക്കാദമി മാനേജിംഗ് ഡയറക്ടറുമായ ഡോ. ഇന്ദിര രാജൻ അധ്യക്ഷത വഹിച്ചു.

## റെയിൽവേസ്റ്റേഷനിലെ കസേരകളുടെ അടിയിൽ 8.7 കിലോ കഞ്ചാവ്

പേരൂർക്കട: എക്സൈസ് വകുപ്പും ആർപിഎഫുമായി ചേർന്ന് തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ നടത്തിയ സംയുക്ത പരിശോധനയിൽ 8.7 കിലോഗ്രാം കഞ്ചാവ് കണ്ടെടുത്തു. റെയിൽവേ പ്ലാറ്റ്ഫോമിലെ കസേരകളുടെ അടിയിലായി ഒരു ബാഗിൽ ഒളിപ്പിച്ച നിലയിലായിരുന്നു കഞ്ചാവ് കണ്ടെടുത്തത്.

സംയുക്ത പരിശോധനയിൽ എക്സൈസ് ഇൻസ്പെക്ടർ പി.സി ഗിരീഷ്, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ ബിനു രാജ്, പ്രിവൻറീവ് ഓഫീസർ പ്രവീൺ, റെയിൽവേ പൊലിസ് സബ് ഇൻസ്പെക്ടർമാരായ എസ്. അനൂബ്, ശ്രീരംഗനാഥൻ, എഎസ്ഐ ലെനിൻ, ഹെഡ് കോൺസ്റ്റബിൾമാരായ വിനോദ് കുമാർ, പ്രശാന്ത്, മനു എന്നിവർ പങ്കെടുത്തു.

# സ്കൂൾ, കോളേജ് വിദ്യാർഥികൾക്കായി ഷോർട്ട് ഫിലിം മത്സരം

സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഹയർ സെക്കൻഡറി സ്കൂൾ, ബിരുദ ബിരുദാനന്തര കോളേജ് വിദ്യാർഥികൾക്കായി ഹ്രസ്വചിത്ര മത്സരം സംഘടിപ്പിക്കുന്നു. 'കേരളം - കലയും തനത് സംസ്കാരവും ടൂറിസവും എന്ന വിഷയത്തിലാണ് മത്സരം സംഘടിപ്പിക്കുന്നത്. ഹ്രസ്വ ചിത്രത്തിന്റെ സമയദൈർഘ്യം ഒരു മിനിറ്റ് മുതൽ 10 മിനിറ്റ് വരെയാണ്. തെരഞ്ഞെടുക്കപ്പെടുന്ന ഹ്രസ്വ ചിത്രങ്ങൾ മേളയിൽ പ്രദർശിപ്പിക്കുകയും പുരസ്കാരങ്ങൾ നൽകുകയും ചെയ്യും. സംസ്ഥാനത്തെ അംഗീകൃത കോളേജുകളിലെ ബിരുദ ബിരുദാനന്തര (പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള) വിദ്യാർഥികൾക്കും സ്കൂൾ തലത്തിൽ ഹയർസെക്കൻഡറി / തത്തുല്യ വിദ്യാർഥികൾക്കും മത്സരത്തിൽ പങ്കെടുക്കാം. വിദ്യാർഥികൾ സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം സഹിതം അപേക്ഷിക്കണം. അവസാന തീയതി സെപ്റ്റംബർ 24. എൻട്രികൾ സമർപ്പിക്കേണ്ട മെയിൽ ഐഡി - shortfilmcomp.culture@gmail.com. ഫോൺ - 0471 2478193, 9447728351.

# റോഡപകടങ്ങളിൽ പരിക്കേറ്റവർക്ക് അടിയന്തര ചികിത്സ: ജില്ലാകളക്ടറുടെ അധ്യക്ഷതയിൽ യോഗം ചേർന്നു

റോഡപകടങ്ങളിൽ പരിക്കേറ്റവർക്ക് ആദ്യത്തെ ഒരു മണിക്കൂറിനുള്ളിൽ അടിയന്തര ചികിത്സ ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര ഗതാഗത മന്ത്രാലയം ആവിഷ്കരിച്ച 'റാഹത് ' (പ്രൈംമിനിസ്റ്റേഴ്സ് റോഡ് ആക്സിഡന്റ് വിക്റ്റിംസ് ഹോസ്പിറ്റലൈസേഷൻ ആൻഡ് അഷേർഡ് ട്രീറ്റ്മെന്റ്) പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ അനു കുമാരിയുടെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ അവലോകന യോഗം ചേർന്നു.

അപകടത്തിൽപ്പെടുന്നവർക്ക് കൃത്യസമയത്ത് ചികിത്സ ലഭിക്കാത്ത സാഹചര്യം ഒഴിവാക്കാനും, സാമ്പത്തിക പ്രതിസന്ധി കാരണം ആശുപത്രികൾ ചികിത്സ നിഷേധിക്കുന്നത് തടയാനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. പദ്ധതിപ്രകാരം അപകടത്തിൽപ്പെടുന്ന ഒരാൾക്ക് പരമാവധി ഏഴു ദിവസത്തേക്ക് 1.5 ലക്ഷം രൂപ വരെയുള്ള സൗജന്യ അടിയന്തര ചികിത്സ ലഭ്യമാക്കും.

ജില്ലയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലാണ് പദ്ധതിക്ക് തുടക്കം കുറിച്ചിരിക്കുന്നത്. നിലവിൽ എംപാനൽ ചെയ്ത സർക്കാർ, സ്വകാര്യ ആശുപത്രികൾക്ക് പുറമെ ട്രോമ കെയർ സൗകര്യങ്ങളുള്ള കൂടുതൽ സ്വകാര്യ ആശുപത്രികളെ പദ്ധതിയുടെ ഭാഗമാക്കാൻ യോഗത്തിൽ തീരുമാനമായി. അപകടം നടന്ന് 24 മുതൽ 48 മണിക്കൂറിനുള്ളിൽ പോലീസ് വെരിഫിക്കേഷൻ പൂർത്തിയാക്കുന്ന രീതിയിൽ പൂർണ്ണമായും ഓൺലൈൻ പോർട്ടലുകൾ വഴിയാണ് റാഹത് പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. റോഡ് സേഫ്റ്റി അതോറിട്ടിയാണ് നോഡൽ ഏജൻസി.

പദ്ധതിയുടെ സുഗമമായ നടത്തിപ്പ് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളും ഏജൻസികളും ഇതുവരെയുള്ള പ്രവർത്തനം വിശദീകരിച്ചു. യോഗത്തിൽ സബ് കളക്ടർ സ്വാതി മോഹൻ റാത്തോഡ്, എ.ഡി.എം നിസ എ, പോലീസ്, റോഡ് സേഫ്റ്റി അതോറിട്ടി, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ്, ദേശീയ ആരോഗ്യ ദൗത്യം, ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസ്, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥരും പങ്കെടുത്തു.

## വീഡിയോ എഡിറ്റർ കം ഗ്രാഫിക് ഡിസൈനർ കരാർ നിയമനം

നോർക്ക റൂട്ട്സിൽ കരാർ അടിസ്ഥാനത്തിൽ വീഡിയോ എഡിറ്റർ കം ഗ്രാഫിക് ഡിസൈനർ തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. ഗ്രാഫിക് ഡിസൈൻ, മൾട്ടിമീഡിയ, ഫിലിം, ബി.എഫ്.എ/ അനുബന്ധ വിഷയത്തിലെ ബിരുദവും രണ്ട് വർഷത്തെ പ്രവൃത്തിപരിചയവും ഉണ്ടായിരിക്കണം.

യോഗ്യത, പ്രായം, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ പകർപ്പുകളും ബയോഡാറ്റയും സഹിതമുള്ള അപേക്ഷ സെപ്റ്റംബർ 25 വൈകിട്ട് 5 ന് മുൻപായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക റൂട്ട്സ്, നോർക്ക സെന്റർ, തൈക്കാട് പി.ഒ, തിരുവനന്തപുരം - 695 014 വിലാസത്തിൽ ലഭിക്കണം.

# പട്ടയഭൂമിയിലെ മരം മുറി; മന്ത്രിയുടെ നിർദേശപ്രകാരം കേസ് പിൻവലിച്ചു

തിരുവനന്തപുരം : ഇടുക്കി പാണ്ടിപ്പാറ സ്വദേശി ചിറത്തലയാട്ട് ചാക്കോച്ചൻറെ പട്ടയഭൂമിയിൽ നിന്ന് മരം മുറിച്ചതിൻറെ പേരിൽ വനം വകുപ്പ് രജിസ്റ്റർ ചെയ്ത കേസ് പിൻവലിച്ചു. അയ്യപ്പൻകോവിൽ റെയ്ഞ്ച് പരിധിയിലെ കാഞ്ചിയാർ ഫോറസ്റ്റ് സ്റ്റേഷനു കീഴിൽ കട്ടപ്പന സെക്ഷൻ ഓഫീസ് ഒആർ 21/2026 ആയി കേസ് രജിസ്റ്റർ ചെയ്തതു വലിയ വാർത്തയായിരുന്നു.

തുടർന്ന് കേസ് പരിശോധിച്ച മന്ത്രി ഷിബു ബേബി ജോൺ അടിയന്തരമായി പിൻവലിക്കാൻ നിർദേശം നൽകുകയായിരുന്നു. കണ്ടുകെട്ടിയ മരങ്ങളും ആയുധങ്ങളും ഉടമസ്ഥനു തിരികെ നൽകാനും മന്ത്രി ഉന്നത ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ചിട്ടുണ്ട്. തങ്കമണി പാണ്ടിപ്പാറയിലെ സ്വന്തം സ്ഥലത്തുനിന്നു രണ്ട് പ്ലാവ്, ഒരു മാവ്, ഒരു പാദിരി എന്നീ മരങ്ങൾ മുറിച്ചതിനാണ് 4,000 രൂപ നഷ്ടം കണക്കാക്കി കട്ടപ്പന സെക്ഷൻ ഓഫിസിൽ കേസ് രജിസ്റ്റർ ചെയ്തിരുന്നത്.

15,607 രൂപയുടെ തടികളും 2,200 രൂപയുടെ ആയുധങ്ങളും വനം വകുപ്പ് കണ്ടുകെട്ടുകയും ചെയ്തിരുന്നു. 1993-ലെ പ്രത്യേക ഭൂമി പതിവ് ചട്ടപ്രകാരം ലഭിച്ച ഭൂമിയിൽ 1986-ലെ വൃക്ഷ സംരക്ഷണ നിയമപ്രകാരവും പട്ടയ ഷെഡ്യൂളിലെ 10 ഇനം മരങ്ങൾ മുറിക്കുമ്പോൾ മാത്രമാണ് വനംവകുപ്പിനു കേസ് രജിസ്റ്റർ ചെയ്യാൻ നിയമപരമായ അവകാശമുള്ളത്.

## സ്പോട്ട് അഡ്മിഷൻ

കൈമനം സർക്കാർ വനിതാ പോളിടെക്നിക് കോളേജിനു കീഴിൽ പ്രവർത്തിക്കുന്ന ജിഐഎഫ്ഡി ബാലരാമപുരം സെന്ററിൽ 2026-27 അധ്യയന വർഷത്തെ ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി കോഴ്സിലെ ഒഴിവുള്ള സീറ്റുകളിലേക്ക് സെപ്റ്റംബർ 14 ന് സ്പോട്ട് അഡ്മിഷൻ നടക്കും. രാവിലെ 10 മുതൽ 11 മണി വരെ ആണ് രജിസ്ട്രേഷൻ. യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകണം.

## കെപ്കോയിൽ ഒഴിവ്

സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ (കെപ്കോ) കീഴിൽ പ്രവർത്തിക്കുന്ന റസ്റ്റോറന്റിലേക്ക് ഫുഡ് ആന്റ് ബിവറേജസ് മാനേജറുടെ കരാർ നിയമനത്തിന് അപേക്ഷിക്കാം. പ്രായപരിധി 35 – 50 വയസ്. ഹോട്ടൽ മാനേജ്മെന്റ് ഡിപ്ലോമ/ ഹോട്ടൽ ആൻഡ് കാറ്ററിങ് മാനേജ്മെന്റിലുള്ള ഡിഗ്രിയും 5 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയവും ഉണ്ടായിരിക്കണം. ബയോഡേറ്റയും സർട്ടിഫിക്കറ്റുകളുടെ പകർപ്പും സഹിതമുള്ള അപേക്ഷ സെപ്റ്റംബർ 26 വൈകിട്ട് 4ന് മുൻപായി മാനേജിങ് ഡയറക്ടർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെപ്കോ) ടി.സി. 30/697, പേട്ട, തിരുവനന്തപുരം-695024 വിലാസത്തിൽ ലഭിക്കണം. വിവരങ്ങൾക്ക്: 0471-2468585,

# അന്തരിച്ച മാധ്യമപ്രവർത്തകനെതിരെ സൈബർ ആക്രമണം: വേദനാജനകമെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: അന്തരിച്ച മാധ്യമപ്രവർത്തകൻ ജിജോ ജോൺ പുത്തേഴത്തിൻറെ അപ്രതീക്ഷിത വേർപാടിന് പിന്നാലെ, അദ്ദേഹത്തിനും കുടുംബത്തിനുമെതിരെ സോഷ്യൽ മീഡിയയിലൂടെ നടക്കുന്ന സൈബർ ആക്രമണങ്ങൾ അങ്ങേയറ്റം വേദനാജനകമാണെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ.

നമ്മെ വിട്ടുപിരിഞ്ഞ ഒരു മാധ്യമപ്രവർത്തകനെതിരെയെന്നല്ല, ഏത് മനുഷ്യനെതിരെയുമാകട്ടെ ഇത്തരത്തിൽ സംഘടിതമായി വിദ്വേഷവും അസത്യങ്ങളും പ്രചരിപ്പിക്കുന്നത് കേരളം ഉയർത്തിപ്പിടിക്കുന്ന ഉന്നതമായ സാമൂഹിക സംസ്കാരത്തിന് തീരാക്കളങ്കമാണെന്ന് അദ്ദേഹം ഫേസ്ബുക്ക് കുറിപ്പിൽ ചൂണ്ടിക്കാട്ടി.

മുഖമുള്ളതും ഇല്ലാത്തതുമായ ഐഡികളിൽനിന്ന് വിദ്വേഷം പ്രചരിപ്പിക്കുന്നവർ എന്ത് മാനവികതയെക്കുറിച്ചും മാനുഷിക മൂല്യങ്ങളെക്കുറിച്ചുമാണ് പറയുന്നതെന്നും അദ്ദേഹം ചോദിച്ചു. മുൻകാലങ്ങളിൽ അദ്ദേഹം നൽകിയ അന്വേഷണാത്മക വാർത്തകളുടെ പേരിലുള്ള വൈരാഗ്യമാണ് ഈ അധിക്ഷേപങ്ങൾക്ക് പിന്നിലെന്നത് ഗൗരവമുള്ള വിഷയമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഒരു മാധ്യമപ്രവർത്തകൻറെ കർത്തവ്യ നിർവഹണത്തെയും അദ്ദേഹത്തിൻറെ വിയോഗത്തെത്തന്നെയും രാഷ്ട്രീയ വൈരാഗ്യത്തിൻറെ പേരിൽ അധിക്ഷേപിക്കുന്നത് ജനാധിപത്യ സമൂഹത്തിന് യോജിച്ചതല്ല. എറണാകുളം പ്രസ് ക്ലബ്ബും ജിജോയുടെ സുഹൃത്തുക്കളും നൽകിയ പരാതികളുടെ അടിസ്ഥാനത്തിൽ വിഷയം അതീവ ഗൗരവത്തിൽ പരിഗണിക്കുമെന്നും കുറ്റക്കാർക്കെതിരെ വിട്ടുവീഴ്ചയില്ലാതെ കർശന നിയമനടപടികൾ സ്വീകരിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

# കാലടി സർവകലാശാലയിലെ സമരം: 17 എസ്എഫ്ഐ പ്രവർത്തകർക്കും മുൻകൂർ ജാമ്യം

കൊച്ചി: കാലടി സംസ്കൃത സർവകലാശാലയിൽ വിസി സിസ തോമസിനെതിരെ പ്രതിഷേധിച്ച 17 എസ്എഫ്ഐ പ്രവർത്തകർക്കും മുൻകൂർ ജാമ്യം അനുവദിച്ച് ഹൈക്കോടതി. വിദ്യാർഥികൾ കയ്യേറ്റം ചെയ്തെന്ന് കാട്ടി വിസി നൽകിയ പരാതിയിലായിരുന്നു വിദ്യാർഥികൾക്കെതിരായ കേസ്.

നേരത്തെ എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതി വിദ്യാർഥികളുടെ ജാമ്യം തള്ളിയിരുന്നു. ഇതിന് പിന്നാലെയാണ് ഹൈക്കോടതിയിൽ ജാമ്യഹർജി നൽകിയത്. സെപ്റ്റംബർ മൂന്നിന് ഹർജി പരിഗണച്ചപ്പോൾ വിദ്യാർഥികളെ അറസ്റ്റ് ഹൈക്കോടതി സ്റ്റേ ചെയ്തിരുന്നു. ഇന്ന് വീണ്ടും പരിഗണിച്ചപ്പോൾ ഉപാധികളോടെ മുൻകൂർ ജാമ്യം അനുവദിക്കുകയായിരുന്നു.

വിസിയെ കൈയേറ്റം ചെയ്ത സംഭവത്തിൽ നാല് പ്രതികളെ നേരത്തെ അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്തിരുന്നു. ഓഗസ്റ്റ് 13ന് ആയിരുന്നു കേസിനാസ്പദമായ സംഭവം. സിസ തോമസ് സിൻഡിക്കേറ്റ് യോഗത്തിനായി എത്തിയപ്പോഴായിരുന്നു വിദ്യാർഥികൾ പ്രതിഷേധം ഉയർത്തിയത്.

ഈ സംഭവത്തെ തുടർന്ന് ആലുവ പൊലിസ് കേസ് എടുത്തിരുന്നു. തന്നെ മുടിക്ക് കുത്തിപ്പിടിച്ചു ഭിത്തിയോട് ചേർത്തു നിർത്തി സ്ത്രീത്വത്തെ അപമാനിച്ചുവെന്നും തൻറെ പ്രതീകാത്മക ശവസംസ്കാര പ്രതിഷേധം നടത്തിയെന്നുമുള്ള പരാതി വിസി ഗവർണർക്കും ആഭ്യന്തര മന്ത്രിക്കും നൽകിയിരുന്നു. അതിൻറെ അടിസ്ഥാനത്തിൽ വീണ്ടും ഒരു എഫ്ഐആർ കൂടി ഇട്ടിരുന്നു.

വിദ്യാർഥികൾക്കെതിരെ നടപടി എടുക്കാൻ വൈകിയതിൽ ഗവർണർ ഡിജിപിയെ വിളിച്ചു വരുത്തി വിശദീകരണം തേടിയിരുന്നു. ഇതിന് പിന്നാലെയാണ് ഗുരുതര വകുപ്പുകൾ ചേർത്ത് കേസ് എടുത്തത്. ഒരു കേസിൽ രണ്ടു എഫ്ഐആർ രജിസ്റ്റർ ചെയ്തുവെന്നാണ് വിദ്യാർഥികളുടെ ആരോപണം.

സർട്ടിഫിക്കറ്റ് വിതരണം വൈകിയത് ഉൾപ്പെടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചാണ് വിദ്യാർഥികൾ സമരം നടത്തിയിരുന്നത്. ഇതിനിടെ നാടക വിഭാഗം പ്രവർത്തിക്കാത്ത ലൈറ്റുകളുടെ ശവമഞ്ചമൊരുക്കി, പ്രതീകാത്മക ശവസംസ്കാരം നടത്തിയിരുന്നു. ഇത് വിസിയുടെ ശവസംസ്കാരമാണെന്ന പേരിൽ വിവാദങ്ങൾ ഉയർന്നിരുന്നു.